# ഓഡിറ്റ് റിപ്പോർട്ട് 2015-16

ജനറൽ ഫണ്ട് അക്കൗണ്ട്സ് & റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ്

നമ്പർ.കെ.എസ്.എ.സിൽ/എ.3/127/2017 തീയതി 22.06.2017

**കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്**

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിലെ ചട്ടം 18 (1) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

**ശ്രീ.നജീം.എച്ച്**
ഡെപ്യൂട്ടി ഡയറക്ടർ
(03.03.2017 മുതൽ 29.05.2017 വരെ)

**ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥൻ:**

**ശ്രീ.സി.വിക്രം സിംഗ്**
ഡെപ്യൂട്ടി ഡയറക്ടർ
സിൽ ആന്റ് എസ്.ഐ.ഇ.പി ഓഡിറ്റ്

**ഓഡിറ്റ് നടത്തിയ കാലയളവ്: 03.03.2017 മുതൽ 29.05.2017 വരെ**

**ഓഡിറ്റ് നിർവ്വഹണം**

ശ്രീ.മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ

ശ്രീമതി ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ദീന.കെ.എ, ഓഡിറ്റർ

# ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ

| | | |
|---|---|---|
| **ഡയറക്ടർ** | | |
| ഡോ.എം.ടി.സുലേഖ | 01.04.2015 | 31.03.2016 |
| **അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ** | | |
| ശ്രീമതി ശ്രീകുമാരി.ജെ | 01.04.2015 | 31.05.2015 |
| ശ്രീമതി രമണി മാത്യു | 01.06.2015 | 15.02.2016 |
| ശ്രീ.എസ്.ഡി.സുനിൽ കുമാർ | 16.02.2016 | 31.03.2016 |
| **ഫിനാൻസ് ഓഫീസർ** | | |
| ശ്രീ.നെൽസൺ.ജെ | 01.04.2015 | 14.09.2015 |
| ആരും ചാർജ്ജ് വഹിച്ചിരുന്നില്ല | 15.09.2015 | 21.09.2015 |
| ശ്രീമതി പി.അജിതകുമാരി | 22.09.2015 | 31.03.2016 |
| **സെയിൽസ് ഓഫീസർ** | | |
| ശ്രീ.ബി.മുരുകൻ | 01.04.2015 | 31.03.2016 |
| **ഡെവലപ്മെന്റ് ഓഫീസർ** | | |
| ശ്രീമതി ക്ഷിതി.വി.ദാസ് | 01.04.2015 | 31.03.2016 |

## ഉള്ളടക്കം

**ഭാഗം - 1**

1.1 ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

1.2 ഓഡിറ്റിന്റെ വ്യാപ്തി

1.3 പൊതു അവലോകനം

1.4 ബജറ്റ്

1.5 വാർഷിക കണക്ക്

1.6 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

1.7 സർക്കാർ ഗ്രാന്റുകൾ

1.8 റിവോൾവിംഗ് ഫണ്ട് - ട്രാൻസ്ഫർ ക്രെഡിറ്റ്

**ഭാഗം - 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

2.1 രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല

2.2 രസീത് ബുക്കുകൾ

**ഭാഗം - 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

3.1 ലേഖനങ്ങൾക്കുള്ള പ്രതിഫല തുക - റ്റി.ഡി.എസ് ഈടാക്കിയില്ല

3.2 ഇൻസ്റ്റിറ്റ്യൂട്ടിന് പുറത്തുള്ള വ്യക്തികൾക്ക് ഒരു വർഷം പ്രതിഫലമായി നൽകിയ തുക 9,65,972/- രൂപ

3.3 അനർഹമായി നൽകിയ യാത്രാപ്പടി - 6,100/- രൂപ

3.4 പുസ്തകമേള - അനർഹമായി അനുവദിച്ച റൂം വാടക 5,630/- രൂപ

3.5 അനർഹമായി അനുവദിച്ച ഓണറേറിയം തുക- 38,450/- രൂപ

3.6 ട്രാൻസ്പോർട്ടേഷന് നിയതമായ രീതി അവലംബിക്കുന്നില്ല

3.7 വാടക കരാർ പുതുക്കിയില്ല- വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവയിൽ ഇൻസ്റ്റിറ്റ്യൂട്ടിന് അധിക ബാധ്യത

**ഭാഗം - 4 സമകാലീന ഓഡിറ്റ് നിരീക്ഷണങ്ങൾ**

4.1 കേരള വിജ്ഞാനകോശം വാല്യത്തിന്റെ പ്രസിദ്ധീകരണം - പുരോഗതി കൈവരിച്ചിട്ടില്ല- നാളിതുവരെ ചെലവാക്കിയത് 2,22,004/- രൂപ

4.2 പ്രിന്റിംഗ് പേപ്പർ സ്റ്റോക്ക്- പ്രസിൽ ബാക്കിയുള്ള പ്രിന്റിംഗ് പേപ്പറിന്റെ കണക്കിൽ അവ്യക്തത

4.3 കെഡബ്ല്യൂആർപി പ്രോജക്ട്- ഇൻസ്റ്റിറ്റ്യൂട്ടിനെ വിജ്ഞാന വെബ് കേന്ദ്രമാക്കുക

എന്നത് ലക്ഷ്യം

4.3.1 കാഷ്ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല

4.3.2 പ്രോജക്ടുമായി ബന്ധപ്പെട്ട് വർക്ക് ഷോപ്പ് സംഘടിപ്പിച്ചു- ബാക്കി തുക 2,69,931/- രൂപ 6 മാസം കൈവശം സൂക്ഷിച്ചു

4.3.3 ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് 3,69,000/- രൂപ വകമാറ്റി

4.3.4 യഥാസമയം സേവന നികുതി നൽകിയില്ല - 1365/- രൂപ അധികം ചെലവായി

4.3.5 പ്രോജക്ട് ചെലവുകൾ ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്ന്

4.3.6 ഉപയോക്ത ഹിതകരമല്ലാത്ത കെ .ഡബ്ല്യൂ.ആർ.പി പ്രോജക്ട് വെബ്സൈറ്റ്- ലക്ഷ്യം സഫലമാക്കുന്നില്ല

**ഭാഗം - 5 സാമ്പത്തിക നില**

5.1 ധനസ്ഥിതി വിവരണം

5.2 ഓഡിറ്റ് പ്രത്യവലോകനം

5.3 ഓഡിറ്റ് ചാർജ്

**അനുബന്ധം**

1 2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്

2 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ
എ) ജനറൽ ഫണ്ട് അക്കൗണ്ട്സ്
ബി) റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ്
സി) സംയോജിതം

## ആമുഖം

സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ മലയാളം എൻസൈക്ലോപീഡിയ ഡിപ്പാർട്ട്മെന്റ് എന്ന പേരിൽ 1961 ൽ വകുപ്പായി രൂപം കൊള്ളുകയും 1976 ൽ ട്രാവൻകൂർ - കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ആയി രൂപം പ്രാപിക്കുകയും ചെയ്തു. വിജ്ഞാനം സാധാരണ ജനങ്ങളിൽ എത്തിക്കുക , മലയാളികളുടെ സാംസ്കാരിക അവബോധം ഉയർത്തുക എന്നീ ലക്ഷ്യങ്ങളോടെ മലയാളത്തിൽ സർവ്വവിജ്ഞാനകോശം 20 വാല്യങ്ങളായും വിശ്വസാഹിത്യ വിജ്ഞാനകോശം 10 വാല്യങ്ങളായും പ്രസിദ്ധീകരിക്കുകയെന്ന അതി ബൃഹത്തായ സംരംഭമാണ് സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഏറ്റെടുത്ത് നടത്തുന്നത് . സർവ്വവിജ്ഞാന കോശത്തിന്റെ 16 വാല്യങ്ങളും വിശ്വസാഹിത്യ വിജ്ഞാനകോശത്തിന്റെ 10 വാല്യങ്ങളും പരിസ്ഥിതി വിജ്ഞാനകോശം, പരിണാമ വിജ്ഞാനകോശം, ജ്യോതിശാസ്ത്ര വിജ്ഞാനകോശം എന്നീ ഏകവാല്യ വിജ്ഞാനകോശങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളം ശ്രേഷ്ഠ ഭാഷയായി അംഗീകരിച്ച കഴിഞ്ഞതിനാൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാനകോശ വാല്യങ്ങൾ ഒരു മുതൽക്കൂട്ടാണ്.

# ഭാഗം - 1

## 1.1 ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2015-16 സാമ്പത്തിക വർഷത്തെ ജനറൽ ഫണ്ട് അക്കൗണ്ട്സ്, റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ് എന്നിവയുടെ വരവ് ചെലവ് കണക്കുകളാണ് ഓഡിറ്റിന് വിധേയമാക്കിയത്.

## 1.2 ഓഡിറ്റിന്റെ വ്യാപ്തി

സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ ഫണ്ട് അക്കൗണ്ട്സ് , റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ് എന്നിവയുടെ 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ള ക്യാഷ് ബുക്കുകൾ , ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, അനുബന്ധ രജിസ്റ്ററുകൾ , വൗച്ചറുകൾ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ എസ്.ഐ.ഇ.പി. ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് റൂൾ 16, റിവോൾവിംഗ് ഫണ്ട് ചട്ടങ്ങൾ, സർവവിജ്ഞാനകോശ പ്രസിദ്ധീകരണ സൊസൈറ്റി സഹായക ഗ്രാന്റുകൾ നൽകലും ക്രമപ്പെടുത്തലും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 11, 13 എന്നിവ ആധാരമാക്കി പരിശോധിച്ചു.

## 1.3 പൊതു അവലോകനം

2015-16 ബജറ്റിൽ വിഭാവനം ചെയ്ത സർവവിജ്ഞാനകോശം 18, 19, 20, നവസാങ്കേതിക വിജ്ഞാനകോശം എന്നിവയുടെ പ്രാരംഭ നടപടികൾ പോലും നാളിതുവരെ തുടങ്ങിയിട്ടില്ല. സർവവിജ്ഞാനകോശം വാല്യം 16, വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 9 എന്നിവയാണ് തൻവർഷം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചത്. പ്രിന്റിംഗ് പേപ്പർ വാങ്ങിയതുൾപ്പെടെ പ്രിന്റിംഗ് ചെലവുകൾക്കായി ആകെ 22,60,782/- രൂപയാണ് ജനറൽ ഫണ്ടിൽ നിന്നും വിനിയോഗിച്ചിരിക്കുന്നത് . റിവോൾവിംഗ് ഫണ്ടിൽ നിന്നും പ്രിന്റിംഗ് ചെലവിനത്തിൽ 99,379/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാനകോശ വാല്യങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി പുറമെ നിന്നുള്ള ലേഖനങ്ങൾ , അവയുടെ എഡിറ്റിംഗ്

എന്നിവയ്ക്ക് വേണ്ടി സാമ്പത്തിക വർഷം 9,65,972/- രൂപ ചെലവഴിച്ചു. 2015-16 ൽ വിജ്ഞാനകോശ വാല്യങ്ങളുടെ വില്പനയിലൂടെ 20,62,854/- രൂപ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് 4,16,689/- രൂപയുടെ കുറവ് വില്പനയിൽ ഉണ്ടായിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിയിതര ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിനായി റിവോൾവിംഗ് ഫണ്ടിൽ നിന്നും ജനറൽ ഫണ്ടിലേക്ക് ഈ സാമ്പത്തിക വർഷം 1,63,00,000/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും, 1,38,00,000/- രൂപ തിരിച്ചടവു വരുത്തുകയും ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ പദ്ധതിയിതര ആവശ്യങ്ങൾക്ക് വേണ്ടി റിവോൾവിംഗ് ഫണ്ടിൽ നിന്നും ലഭ്യമാക്കിയ വായ്പ തുകയിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന 3,09,84,550/- രൂപയും, തൻ വർഷം തിരിച്ചടവു നടത്തേണ്ട തുകയായ 25,00,000/- രൂപയും ഉൾപ്പെടെ 3,34,84,550/- രൂപ റിവോൾവിംഗ് ഫണ്ട് വായ്പയിനത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്നു.

യഥാസമയം വാടക കരാർ പുതുക്കാതിരുന്നതിനാൽ വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നീ ഇനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്ന് അധിക ചെലവുണ്ടാകുന്നു. ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു വിജ്ഞാന വെബ് കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച കെ.ഡബ്ല്യൂ.ആർ.പി. പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല.

വിവിധ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 11 ഓഡിറ്റ് എൻക്വയറികളിൽ 4 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. തൃശ്ശൂർ സാഹിത്യ അക്കാദമി ഹാൾ - പുസ്തക പ്രദർശനവുമായി ബന്ധപ്പെട്ട നമ്പർ 1821/D2/15/SIEP, നമ്പർ 1718/D2/15/SIEP എന്നീ ഫയലുകളും വിജ്ഞാനകോശ വാല്യങ്ങൾ ഡി.ഇ.ഒ. ഓഫീസുകളിൽ എത്തിക്കുന്നതിന് തപാൽ വകുപ്പിന്റെ വാഹനം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട ഫയലും (നമ്പർ 1339/D4/2008/SIEP) പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

## 1.4 ബജറ്റ്

പദ്ധതി വിഭാഗത്തിൽ 1,54,00,000/- രൂപയുടെ നിർദ്ദേശങ്ങളും പദ്ധതി ഇതര വിഭാഗത്തിൽ 8,15,72,000/- രൂപയുടെ നിർദേശങ്ങളുമാണ് 2015-16 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് സർക്കാരിന് സമർപ്പിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### (എ) പദ്ധതി വിഭാഗം

2015-16 സാമ്പത്തിക വർഷത്തേക്കുള്ള 1,54,00,000/- രൂപയുടെ പദ്ധതി നിർദേശങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവിനങ്ങൾ | തുക |
|---|---|---|
| 1 | വിശ്വസാഹിത്യവിജ്ഞാനകോശം വാല്യം 9, 10 എന്നിവയുടെ അച്ചടി, പ്രസിദ്ധീകരണം | 83,00,000 |
| 2 | സർവവിജ്ഞാനകോശം വാല്യം 17; കേരള വിജ്ഞാനകോശം; എന്നിവയ്ക്കുവേണ്ടി ലേഖനങ്ങൾ തയ്യാറാക്കുന്നതിന്റെ പ്രതിഫലം | 14,00,000 |
| 3 | സർവവിജ്ഞാനകോശം 18, 19, 20 എന്നിവയുടെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട പ്രാരംഭചെലവ് | 7,50,000 |
| 4 | നവസാങ്കേതിക വിജ്ഞാനകോശത്തിനുള്ള പ്രാരംഭചെലവ് | 20,00,000 |
| 5 | KWRP പ്രൊജക്റ്റ് തുടർന്നു കൊണ്ടു പോകുന്നതിനുള്ള ചെലവ് | 11,00,000 |
| 6 | പുതിയ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങൽ, എ.എം.സി. എന്നിവയ്ക്ക് | 5,00,000 |
| 7 | ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ | 3,50,000 |
| 8 | പുതിയ വാല്യങ്ങളുടെ പരസ്യകൂലി | 2,00,000 |
| 9 | വിജ്ഞാനകോശ വാല്യങ്ങളുടെ നിർമ്മിതിയ്ക്കായി വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനുള്ള ചെലവ് | 8,00,000 |
| | **ആകെ** | **1,54,00,000** |

2015-16 ലെ 1,54,00,000/- രൂപയുടെ ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള വിശ്വസാഹിത്യവിജ്ഞാന കോശം വാല്യം 9, 10 എന്നിവയുടെ അച്ചടി , സർവവിജ്ഞാനകോശം വാല്യം 17, കേരള വിജ്ഞാനകോശം എന്നിവയിൽ

ഉൾപ്പെടുത്തുന്ന ലേഖനങ്ങളുടെ പ്രതിഫലം എന്നിവ 2014-15 സാമ്പത്തിക വർഷം സമർപ്പിച്ച ബജറ്റ് നിർദേശങ്ങളിലും ഉൾപ്പെട്ടതാണ്. കൂടാതെ സർവവിജ്ഞാനകോശം വാല്യം 18, 19, 20 എന്നിവയുടെ പ്രാരംഭ ചെലവുകൾ 2013-14 മുതലുള്ള ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നവയാണ് . 2015-16 സാമ്പത്തിക വർഷവും സർവവിജ്ഞാനകോശം വാല്യം 18, 19, 20 എന്നിവയുടെ പ്രസിദ്ധീകരണത്തിനായി തുക യാതൊന്നും ചെലവഴിച്ചിട്ടില്ല.

ആകെ 1,54,00,000/- രൂപയുടെ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ , 1,50,00,000/- രൂപ ഇൻസ്റ്റിറ്റ്യൂട്ടിനായി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. അതിൽ 50,00,000/- രൂപ ഒന്നാം ഗഡുവായി ഇൻസ്റ്റിറ്റ്യൂട്ടിനു ലഭിച്ചു. ബാക്കി 1,00,00,000/- രൂപ സറണ്ടർ ചെയ്യുന്നതായി 16.03.2016 ൽ സർക്കാരിനെ അറിയിച്ചിരിക്കുന്നു. ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാതെ സർക്കാർ അനുവദിച്ചിട്ടുള്ള ഗ്രാന്റ് തുകയിൽ ഒരു കോടി രൂപ സറണ്ടർ ചെയ്ത ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപടി നീതികരിക്കാവുന്നതല്ല. വിവിധ പദ്ധതി ചെലവിനങ്ങളിലായി 40,89,956/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ഈ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

## (ബി) പദ്ധതിയിതര വിഭാഗം

2015-16 സാമ്പത്തിക വർഷം പദ്ധതിയിതര വിഭാഗത്തിൽ ആകെ 8,15,72,000/- രൂപയുടെ ബജറ്റ് നിർദ്ദേശങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെലവിനങ്ങൾ | തുക |
|---|---|---|
| 1 | സാലറി, ആർജിതാവധി സറണ്ടർ, ഉത്സവ ബത്ത, വേതനം, മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 5,27,00,000 |
| 2 | യാത്രാബത്ത | 50,000 |
| 3 | കെട്ടിട വാടക | 8,52,000 |
| 4 | ഫർണ്ണിച്ചർ | 3,00,000 |
| 5 | സ്റ്റേഷനറി | 3,00,000 |
| 6 | ഇലക്ട്രിസിറ്റി ചാർജ് | 3,00,000 |
| 7 | ടെലിഫോൺ ചാർജ് | 4,00,000 |

| | | |
|---|---|---|
| 8 | ഡീസൽ ചാർജ് | 3,00,000 |
| 9 | വാട്ടർ ചാർജ് | 30,000 |
| 10 | കണ്ടിജൻസീസ്/പലവക | 2,00,000 |
| 11 | വാഹന മെയിന്റനൻസ് | 1,00,000 |
| 12 | പരസ്യം | 3,00,000 |
| 13 | ന്യൂസ് പേപ്പർ/ആനുകാലികങ്ങൾ | 40,000 |
| 14 | ഓണറേറിയം | 1,00,000 |
| 15 | ഗവേണിംഗ് ബോഡി അംഗങ്ങളുടെ യാത്രാബത്ത | 1,00,000 |
| 16 | റിവോൾവിംഗ് ഫണ്ട് ലോൺ തിരിച്ചടവ് | 2,50,00,000 |
| 17 | ഓഡിറ്റ് ഫീ | 5,00,000 |
| | **ആകെ** | **8,15,72,000** |

ആകെ 8,15,72,000/- രൂപയുടെ ബജറ്റ് നിർദ്ദേശങ്ങളാണ് സമർപ്പിച്ചെങ്കിലും സർക്കാർ ധനസഹായമായി ലഭിച്ചത് സപ്ലിമെന്ററി ഗ്രാന്റ് 24,99,000/- രൂപ ഉൾപ്പെടെ ആകെ 2,39,76,000/- രൂപ മാത്രമാണ്. 2015-16 ൽ വിവിധ പദ്ധതിയിതര ചെലവിനങ്ങളിലായി 2,65,12,379/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിതര വിഹിതമായി ലഭിച്ച തുകയെക്കാൾ 25,36,379/- രൂപ അധികമായി ചെലവഴിച്ചു.

## 1.5 വാർഷിക കണക്ക്

2015-16 വർഷത്തെ ജനറൽ ഫണ്ട് , റിവോൾവിംഗ് ഫണ്ട് എന്നിവയുടെ വാർഷിക കണക്ക് പത്രിക 25.04.2016 തീയതിയിൽ ഓഡിറ്റിന് സമർപ്പിച്ചിരുന്നു (23.04.2016 ലെ 547/ഇ 2/2016/എസ്.ഐ.ഇ.പി. നമ്പർ കത്ത് ). എന്നാൽ ലഭ്യമാക്കിയ വാർഷിക കണക്ക് ഭരണസമിതി അംഗീകരിച്ചതല്ല. ഭരണസമിതി നിലവിലില്ലാതിരുന്നതിനാലാണ് ഭരണസമിതി അംഗീകരിച്ച വാർഷിക കണക്ക് സമർപ്പിക്കാൻ കഴിയാതിരുന്നത് എന്ന് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരുന്നു (21.12.2016 ലെ 547/ഇ 2/2016/എസ്.ഐ.ഇ.പി. നമ്പർ കത്ത്). 04.04.2017 ൽ ചേർന്ന ഭരണസമിതി യോഗം 2015-16 ലെ വാർഷിക കണക്ക് അംഗീകരിച്ചു.

## 1.6 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ജനറൽ ഫണ്ട് വിഭാഗത്തിൽ 37 റിപ്പോർട്ടുകളും, റിവോൾവിംഗ് ഫണ്ട് വിഭാഗത്തിൽ 29 ഓഡിറ്റ് റിപ്പോർട്ടുകളും 2 സംയോജിത റിപ്പോർട്ടുകളും തീർപ്പാക്കാൻ അവശേഷിക്കുന്നു. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദവിവരങ്ങൾ പ്രത്യേക അനുബന്ധമായി ചേർത്തിട്ടുണ്ട് (അനുബന്ധം 2). എസ്.ഐ.ഇ.പി. ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 16 (5), 16 (6), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) എന്നിവ നിഷ്കർഷിക്കുന്ന വിധത്തിൽ ഓഡിറ്റ് തടസ്സവാദങ്ങൾ ഒഴിവാക്കുന്നതിനും അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1.7 സർക്കാർ ഗ്രാന്റുകൾ

2015-16 സാമ്പത്തിക വർഷം പദ്ധതി, പദ്ധതിയിതരം എന്നീ ഇനങ്ങളിലായി ലഭ്യമായ ഗ്രാന്റ്-ഇൻ-എയ്ഡിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **പദ്ധതി** | | | |
|---|---|---|---|
| **ക്രമ നം** | **ഉത്തരവ് നമ്പർ** | **തീയതി** | **തുക** |
| 1 | ജി.ഒ.(ആർ.ടി.) നമ്പർ 327/2015/സി.എ.ഡി | 07.07.2015 | 50,00,000 |
| | | ആകെ | 50,00,000 |
| **പദ്ധതിയിതരം** | | | |
| 1 | ജി.ഒ.(ആർ.ടി.) നമ്പർ 251/2015/ സി.എ.ഡി | 21.05.2015 | 71,59,000 |
| 2 | ജി.ഒ.(ആർ.ടി.) നമ്പർ 335/2015/ സി.എ.ഡി | 09.07.2015 | 71,59,000 |
| 3 | ജി.ഒ.(ആർ.ടി.) നമ്പർ 540/2015/ സി.എ.ഡി | 03.11.2015 | 71,59,000 |
| | | ആകെ | 2,14,77,000 |
| **സപ്ലിമെന്ററി ഗ്രാന്റ് (പദ്ധതിയിതരം)** | | | |
| | ജി.ഒ.(ആർ.ടി.) നമ്പർ 137/2016/സി.എ.ഡി | 19.03.2016 | 24,99,000 |

## 1.8 റിവോൾവിംഗ് ഫണ്ട് - ട്രാൻസ്ഫർ ക്രെഡിറ്റ്

റിവോൾവിംഗ് ഫണ്ട് റൂൾസ് 6 (ബി) യെ അടിസ്ഥാനമാക്കി അടിയന്തിരമായ പദ്ധതിയേതര ചെലവുകൾ (ജീവനക്കാരുടെ ശമ്പളം , മറ്റു ചെലവുകൾ എന്നിവ ) നിർവഹിക്കുന്നതിന് റിവോൾവിംഗ് ഫണ്ടിൽ നിന്ന് ഓരോ സാമ്പത്തിക വർഷവും ഇൻസ്റ്റിറ്റ്യൂട്ട് വായ്പ എടുക്കുകയും സർക്കാരിൽ നിന്നും ഗ്രാന്റ് തുക കിട്ടുന്ന മുറയ്ക്ക് തിരികെ അടയ്ക്കുകയും ചെയ്യുന്നുണ്ട്. 2015-16 സാമ്പത്തിക വർഷം വിജ്ഞാനകോശ വാല്യങ്ങളുടെ പുനഃമുദ്രണം, പരിഷ്കരണം എന്നീ ലക്ഷ്യങ്ങൾക്കു വേണ്ടി രൂപീകരിച്ച റിവോൾവിംഗ് ഫണ്ട് (ടി.പി.എ. 494) അക്കൗണ്ടിൽ നിന്നും ജനറൽ ഫണ്ട് (ടി.പി.എ. 230) അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പ തുക | | |
|---|---|---|
| ക്രമ നമ്പർ | ഉത്തരവ് നമ്പർ/തീയതി | തുക |
| 1 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 04.04.2015 | 25,00,000 |
| 2 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 25.04.2015 | 18,00,000 |
| 3 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 25.06.2015 | 25,00,000 |
| 4 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 29.09.2015 | 20,00,000 |
| 5 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 28.10.2015 | 20,00,000 |
| 6 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 28.12.2015 | 15,00,000 |
| 7 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 28.01.2016 | 20,00,000 |
| 8 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 26.02.2016 | 20,00,000 |
| | **ആകെ** | **1,63,00,000** |
| **തിരിച്ചടവ് തുക** | | |
| 1 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 27.05.2015 | 30,00,000 |
| 2 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 27.07.2015 | 30,00,000 |
| 3 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 20.11.2015 | 48,00,000 |
| 4 | നമ്പർ 331/ഇ 5/2015/എസ്.ഐ.ഇ.പി തീയതി 28.03.2016 | 30,00,000 |
| | **ആകെ** | **1,38,00,000** |

2014-15 സാമ്പത്തിക വർഷം വരെ റിവോൾവിംഗ് ഫണ്ടിൽ തിരിച്ചടക്കേണ്ടിയിരുന്ന 3,09,84,550/- രൂപയും തൻവർഷം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിൽ തിരിച്ചടക്കാനുള്ള 25,00,000/- രൂപയും കൂടി ചേർത്ത് ആകെ 3,34,84,550/- രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നു.

## ഭാഗം - 2

## വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2.1 രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല

**എ) സ്റ്റോക്ക് രജിസ്റ്റർ**

ഇൻസ്റ്റിറ്റ്യൂട്ട് പരിപാലിക്കുന്ന സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ , കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

1) സ്റ്റോക്കിലുള്ള സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ പലപ്പോഴും കൈപ്പറ്റുന്ന ജീവനക്കാരുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല.
2) സ്റ്റോക്കിന്റെ വരവ് ചുവന്ന മഷി ഉപയോഗിച്ച് രേഖപ്പെടുത്തുന്നതായി കാണുന്നില്ല (A.F. No.19, 20).
3) State Institute of Encyclopaedic Publications (Kerala) Society Finance and Accounts Rules 1984 ലെ റൂൾ 29 (ii) പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സ്റ്റോക്കിന്റെ ഭൗതിക പരിശോധന ഓരോ വർഷവും നടത്തേണ്ടതും സാക്ഷ്യപ്പെടുത്തിയ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഓരോ രജിസ്റ്ററിലും ചേർക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ചെയ്യുന്നതായി കാണുന്നില്ല.

സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം പരിശോധന നടത്തേണ്ടതുമാണ്.

**ബി) സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2015-16 വർഷത്തെ സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ചില മാസങ്ങളിൽ സംക്ഷിപ്തം എഴുതുകയോ മേലധികാരി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
2) 03.02.2016 ൽ 40/- രൂപയുടെ 10 സ്റ്റാമ്പുകൾ ഉപയോഗിച്ച് ഒന്നിന്റെ മതിപ്പുവിലയായി 45/- രൂപ എന്നും 20/- രൂപയുടെ 5 സ്റ്റാമ്പുകൾ ഉപയോഗിച്ച്

ഒന്നിന്റെ മതിപ്പുവിലയായി 22/- രൂപ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ നീക്കിയിരിപ്പിൽ ആകെ 60/- രൂപ മതിപ്പുവിലയുള്ള 15 സ്റ്റാമ്പുകളുടെ കുറവ് കാണുന്നു.

മുകളിൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ് . സ്റ്റാമ്പ് അക്കൗണ്ട് കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സി) ഗ്രാന്റ് രജിസ്റ്റർ**

സർവവിജ്ഞാനകോശ പ്രസിദ്ധീകരണ സൊസൈറ്റി സഹായക ഗ്രാന്റുകൾ നൽകലും ക്രമപ്പെടുത്തലും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 12 പ്രകാരമുള്ള ഗ്രാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

## 2.2 രസീത് ബുക്കുകൾ

വിജ്ഞാനകോശ വാല്യങ്ങളുടെ വില്പനയ്ക്കായി ഉപയോഗിക്കുന്ന രസീത് ബുക്കുകൾ നിയമാനുസൃതമല്ല. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

State Institute of Encyclopaedic Publications (Kerala) Society Finance and Accounts Rules 1984 ലെ റൂൾ 18 പ്രകാരം രസീതുകൾ AF No.12 പ്രകാരവും ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ വാല്യങ്ങളുടെ വില്പനയ്ക്കായി ഉപയോഗിക്കുന്ന രസീതുകൾ AF No.13 പ്രകാരവുമായിരിക്കണമെന്നുണ്ട്. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ഉപയോഗിച്ചു വരുന്ന രസീതു ബുക്കുകൾ ഇപ്രകാരമുള്ളതല്ല . ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 8/19.05.2017) മറുപടി ലഭ്യമാക്കിയില്ല.

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമുണ്ടായിരുന്നിട്ടും രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ട് നടപടി സ്വീകരിച്ചിട്ടില്ല.

ഉപയോഗിക്കുന്ന രസീതുകൾ നിയമാനുസൃതമാക്കുന്നതിനും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം - 3

## ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3.1 ലേഖനങ്ങൾക്കുള്ള പ്രതിഫല തുക - റ്റി.ഡി.എസ് ഈടാക്കിയില്ല

പുറമെ നിന്നുള്ള ലേഖനങ്ങൾക്ക് നൽകിയ പ്രതിഫല തുകയിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ആദായനികുതി 3164/- രൂപ ഈടാക്കിയില്ല.

വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 9, 10 എന്നിവയുടെ ലേഖനം തയ്യാറാക്കൽ, എഡിറ്റിംഗ് എന്നിവയ്ക്ക് പ്രൊഫ. പൂജപ്പുര കൃഷ്ണൻനായർക്ക് 2015-16 വർഷം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ആകെ 31,640/- രൂപ പ്രതിഫലം നൽകി. സെക്ഷൻ 194 J പ്രകാരം, പ്രസ്തുത സാമ്പത്തിക വർഷം 'Fee for Professional Services' ന് 10% നികുതി ഈടാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം 30,000/- രൂപയിൽ കൂടുതൽ പ്രതിഫലം കൈപ്പറ്റിയിട്ടുള്ള വ്യക്തികളിൽ നിന്നും ആകെ വരുമാനത്തിന്റെ 10% നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പ്രൊഫ. പൂജപ്പുര കൃഷ്ണൻ നായരിൽ നിന്നും നികുതി തുകയായ 3164/- രൂപ (31640 ന്റെ 10%) ഈടാക്കിയില്ല. വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.04/06.05.2017 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആദായനികുതി എത്രയും വേഗം ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.

### 3.2 ഇൻസ്റ്റിറ്റ്യൂട്ടിന് പുറത്തുള്ള വ്യക്തികൾക്ക് ഒരു വർഷം പ്രതിഫലമായി നൽകിയ തുക 9,65,972/- രൂപ

ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിജ്ഞാനകോശ വാല്യങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി പുറമെ നിന്നുള്ള ലേഖനങ്ങൾ , അവയുടെ എഡിറ്റിംഗ് എന്നിവയ്ക്ക് വേണ്ടി 2015-16 സാമ്പത്തിക വർഷം 9,65,972/- രൂപ ചെലവഴിച്ചു. ഇതിൽ 9,19,172/- രൂപയും വിശ്വസാഹിത്യവിജ്ഞാനകോശം 9, 10 വാല്യങ്ങൾക്കുവേണ്ടിയാണ് ചെലവാക്കിയിരിക്കുന്നത്.

2015-16 സാമ്പത്തിക വർഷം ഇൻസ്റ്റിറ്റ്യൂട്ടിലെ എഡിറ്റോറിയൽ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ എണ്ണം 16 ആണ് (12 സ്ഥിരം നിയമനം, 4 കരാർ നിയമനം). പുറമെ നിന്നുള്ള ലേഖനങ്ങൾക്കും എഡിറ്റിംഗിനുമായി വൻതുക

ചെലവഴിക്കുന്നതിനുള്ള സാഹചര്യം പരിശോധിക്കുന്നതിനായി പ്രസ്തുത വർഷം ഇൻസ്റ്റിറ്റ്യൂട്ടിലെ എഡിറ്റോറിയൽ വിഭാഗത്തിലുണ്ടായിരുന്ന ജീവനക്കാരുടെ വിഷയം സഹിതമുള്ള വിശദാംശങ്ങൾ, ജീവനക്കാരുടെ 2015-16 ലെ വർക്ക് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.04/06.05.2017 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ലേഖനം തയ്യാറാക്കുന്നതിനും എഡിറ്റിംഗിനും ഇൻസ്റ്റിറ്റ്യൂട്ട് ഒരേ വ്യക്തികളെ തന്നെ നിയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് വിശ്വസാഹിത്യവിജ്ഞാനകോശം 9, 10 വാല്യങ്ങളിലെ ലേഖനം തയ്യാറാക്കിയതിനും എഡിറ്റിംഗിനും ഡോ.ഇ.രമാഭായി അമ്മ, പ്രൊഫ. പൂജപ്പുര കൃഷ്ണൻ നായർ എന്നിവർക്ക് യഥാക്രമം 2,79,440/- രൂപ, 31640/- രൂപ എന്നിങ്ങനെ നൽകി. പരിശോധനാ വിധേയമാക്കിയ ബന്ധപ്പെട്ട ഫയലുകളിലും (നമ്പർ 645/E4/2014/SIEP, നമ്പർ 557/E2/2015/SIEP) രജിസ്റ്ററുകളിലും ലേഖനം തയ്യാറാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ഉണ്ടെങ്കിലും എഡിറ്റിംഗ് സംബന്ധിച്ച വിശദാംശങ്ങൾ ഇല്ല . അതായത് ഏതൊക്കെ ലേഖനങ്ങളുടെ എഡിറ്റിംഗ് നടത്തിയതിനാണ് പ്രതിഫലം നൽകിയിരിക്കുന്നത് എന്ന് വ്യക്തമല്ല. ഒരേ വ്യക്തികൾ തന്നെ ലേഖനങ്ങൾ തയ്യാറാക്കുകയും അവർ തയ്യാറാക്കിയ ലേഖനങ്ങളുടെ എഡിറ്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും ഇൻസ്റ്റിറ്റ്യൂട്ട് ഹാജരാക്കിയിട്ടില്ല.

പുറമെ നിന്നുള്ള ലേഖനങ്ങൾക്ക് പ്രതിഫലം നൽകുന്നതുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് പരിപാലിക്കുന്ന രജിസ്റ്റർ പൂർണമല്ല . വൗച്ചർ പ്രകാരമുള്ള പല പ്രതിഫല തുകകളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതിഫല തുകകൾ വ്യക്തികൾക്ക് നൽകിയതുമായി ബന്ധപ്പെട്ട ഉത്തരവ് നമ്പർ, ചെക്ക് നമ്പർ/വൗച്ചർ നമ്പർ എന്നിവ ചേർത്തിട്ടില്ല. എഡിറ്റിംഗിനുള്ള പ്രതിഫലം നൽകുന്നതു സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇൻസ്റ്റിറ്റ്യൂട്ടിന് പുറത്തുള്ള വ്യക്തികൾക്ക് വൻതുക പ്രതിഫലം നൽകുന്ന അവസ്ഥ ഇല്ലാതാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 18.08.1999 ലെ ജി.ഒ.(പി) നം.35/99/സി.എ.ഡി സർക്കാർ ഉത്തരവ് പ്രകാരം 1999 മുതൽ ഇൻസ്റ്റിറ്റ്യൂട്ട്

നിയമനങ്ങൾ പിഎസ്സിക്ക് വിട്ടതിനെത്തുടർന്ന് എഡിറ്റോറിയൽ വിഭാഗത്തിൽ സ്ഥിരം നിയമനം നടക്കുന്നില്ല. അതിനാൽ പിഎസ്സി വഴി നിയമനം നടത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നുമുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

## 3.3 അനർഹമായി നൽകിയ യാത്രാപ്പടി - 6,100/- രൂപ

കേരളവിജ്ഞാനകോശത്തിന്റെ ഉപദേശക സമിതി യോഗത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ അല്ലാത്ത 7 പേർക്ക് ആകെ 6100/- രൂപ യാത്രാപ്പടിയിനത്തിൽ അനർഹമായി നൽകിയിരിക്കുന്നു.

കേരള വിജ്ഞാനകോശം വാല്യത്തിന്റെ നിർമ്മിതിയുമായി ബന്ധപ്പെട്ട് 26 അംഗ ഉപദേശക സമിതി രൂപീകരിച്ചു കൊണ്ട് 04.02.2015 ലെ 119/ഇ 3/2015/എസ്.ഐ.ഇ.പി നം. പ്രകാരം ഉത്തരവായി. പ്രസ്തുത സമിതിയുടെ രണ്ടാമത്തെ യോഗം 30.11.2016 ൽ തൈക്കാട് ഗസ്റ്റ് ഹൗസിൽ വെച്ച് നടന്നു . പങ്കെടുത്ത 12 പേർക്ക് യാത്രാപ്പടി നൽകുന്നതിന് ആകെ 17,300/- രൂപ ചെലവാക്കിയെങ്കിലും അതിൽ 7 പേർ മാത്രമാണ് 04.02.2015 ൽ രൂപീകരിച്ച ഉപദേശക സമിതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. അതായത് അംഗങ്ങളല്ലാത്ത 5 പേർക്ക് കൂടി യാത്രാപ്പടി അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വ്യക്തികളുടെ പേര് | യാത്രാപ്പടി തുക |
|---|---|---|
| 1 | ഡോ.സി.ആർ.രാജഗോപാൽ | 1000 |
| 2 | ശ്രീ.സി.എസ്.വെങ്കിടേശ്വരൻ | 1000 |
| 3 | ശ്രീ.വി.കെ.മോഹൻകുമാർ | 1000 |
| 4 | ഡോ.എം.കബീർ | 1000 |
| 5 | ഡോ.കെ.എസ്.രവികുമാർ | 2100 |
| | **ആകെ** | **6100** |

04.02.2015 ൽ രൂപീകരിച്ച ഉപദേശക സമിതിയുടെ ലിസ്റ്റിൽ മാറ്റം വരുത്തി പുതുക്കിയ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അംഗീകരിച്ച പ്രസ്തുത ലിസ്റ്റ് ഹാജരാക്കുന്നതിന് 07.02.2017 ലെ കെ.എസ്.എ.ഐ.ഇ.പി.02/30/2017 നം. കത്ത്, ഓഡിറ്റ് എൻക്വയറി നം. 06/15.05.17 എന്നിവ പ്രകാരം ആവശ്യപ്പെട്ടിട്ടും മറുപടി

ലഭ്യമാക്കിയില്ല. ആയതിനാൽ അനർഹമായി അനുവദിച്ച യാത്രാപ്പടി തുകയായ 6100/- രൂപ, മുൻകൂർ തുക കൈപ്പറ്റിയ ശ്രീ.ആർ.അനിരുദ്ധൻ, അസി.എഡിറ്റർ ഗ്രേഡ് 1 ൽ നിന്നും ഈടാക്കേണ്ടതാണ്.

## 3.4 പുസ്തകമേള - അനർഹമായി അനുവദിച്ച റൂം വാടക 5,630/- രൂപ

പുസ്തകമേളയിൽ പങ്കെടുത്ത ജീവനക്കാർക്ക് അർഹമായ മുഴുവൻ റ്റിഎ , ഡിഎ എന്നിവ അനുവദിച്ചതു കൂടാതെ മേള സ്ഥലത്ത് താമസിച്ചതിന് റൂം വാടകയും നൽകിയിരിക്കുന്നു. കെ.എസ്.ആർ പാർട്ട് 2 റൂൾ 39 അനുസരിച്ച് താമസം സൗജന്യമാണെങ്കിൽ ജീവനക്കാർക്ക് 2/3 ഡിഎയ്ക്ക് മാത്രമേ അർഹതയുള്ളൂ. അതിനാൽ ഫുൾ ഡിഎ അനുവദിച്ച സാഹചര്യത്തിൽ താമസചെലവ് കൂടി ഇൻസ്റ്റിറ്റ്യൂട്ട് വഹിക്കേണ്ടതില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പുസ്തകപ്രദർശന വിശദാംശം | മേളയിൽ പങ്കെടുത്തവർ | റൂം വാടക | അനുവദിച്ച റ്റി.എ, ഡിഎ |
|---|---|---|---|---|
| i | സുവർണം-2015 കോട്ടയം തിരുനക്കര മൈതാനി | i) ശ്രീ. കെ.വിനോദ്കുമാർ, എൽ.ഡി.സി.<br>ii) ശ്രീമതി ദീപ്തി ദിനേശ്, എൽ.ഡി.സി.<br>iii) ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ | 480 | 1396<br>1396<br>1396 |
| | | ആകെ | 480 | 4188 |
| ii | കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം | i) ശ്രീ. ബി.മുരുകൻ, സെയിൽസ് ഓഫീസർ<br>ii) ശ്രീ. സി.സത്യൻ, പ്യൂൺ<br>iii) ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ | 1400 | 3325<br>2073<br>2073 |
| | | ആകെ | 1400 | 5398 |
| iii | കോഴിക്കോട് അന്താരാഷ്ട്ര പുസ്തകോത്സവം | i) ശ്രീ. ബി.മുരുകൻ, സെയിൽസ് ഓഫീസർ<br>ii) ശ്രീ. സി.സത്യൻ, പ്യൂൺ<br>iii) ശ്രീ. ജെ.ആർ.രഞ്ജിത്, | 1500 | 3858<br>2464<br>2464 |

| | | | | |
|---|---|---|---|---|
| | | പ്യൂൺ | | |
| | | ആകെ | 1500 | 8786 |
| iv | കണ്ണൂർ ൗൺ സ്ക്വയർ | i) ശ്രീ. ബി.മുരുകൻ, സെയിൽസ് ഓഫീസർ<br>ii) ശ്രീ. സി.സത്യൻ, പ്യൂൺ<br>iii) ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ | 250 | 3330<br>1947<br>1947 |
| | | ആകെ | 250 | 7224 |
| v | കോട്ടയം തിരുനക്കര മൈതാനി(ജില്ലാ ലൈബ്രറി കൗൺസിൽ) | i) ശ്രീമതി പി.നൂർജഹാൻ, ജൂനിയർ സൂപ്രണ്ട്<br>ii) ശ്രീ. ടി.കെ.പീയൂസ്, കോപ്പീയിസ്റ്റ്<br>iii) ശ്രീ. കെ.വിനോദ്കുമാർ, എൽ.ഡി.സി.<br>iv) ശ്രീ ജെ.ആർ.രഞ്ജിത്, പ്യൂൺ | 2000 | 3242<br>1937<br>1937<br>1937 |
| | | ആകെ | 2000 | 9053 |
| | | ആകെ മൊത്തം (രൂപ) | 5630 | 34649 |

ആകെ 34,649/- രൂപ റ്റിഎ, ഡിഎ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ അനർഹമായി അനുവദിച്ച റൂം വാടകയായ 5,630/- രൂപ അതാത് പുസ്തകമേളകൾക്ക് മേൽനോട്ടം വഹിച്ച മുൻകൂർ തുക കൈപറ്റിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3.5 അനർഹമായി അനുവദിച്ച ഓണറേറിയം തുക- 38,450/- രൂപ

2015-16 സാമ്പത്തിക വർഷം ഇൻസ്റ്റിറ്റ്യൂട്ട് പങ്കെടുത്ത പുസ്തക പ്രദർശനങ്ങളിൽ ഡ്യൂട്ടി ചെയ്ത ജീവനക്കാർക്ക് ഒരു ദിനബത്തയ്ക്ക് തുല്യമായ തുക ഓണറേറിയമായി നൽകിയിട്ടുണ്ട്. ഇപ്രകാരം ഓണറേറിയം നൽകുന്ന നടപടി ചട്ടവിരുദ്ധമായതിനാൽ നൽകിയ ഓണറേറിയം തുക തിരികെ ഈടാക്കണമെന്ന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദേശിച്ചിരുന്നുവെങ്കിലും തൻവർഷവും ഇത് ആവർത്തിച്ചിരിക്കുന്നു. ചുവടെപ്പറയുംപ്രകാരം ആകെ 38,450/- രൂപ ഓണറേറിയം അനുവദിച്ചു.

| ക്രമ നമ്പർ | പ്രദർശനം | ഓണറേറിയം കൈപ്പറ്റിയത് | ദിവസം | നിരക്ക് | ആകെ | ഉത്തരവ് നമ്പർ |
|---|---|---|---|---|---|---|
| i | കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം (എറണാകുളത്തപ്പൻ ഗ്രൗണ്ട്) | ശ്രീ. ബി.മുരുകൻ, സെയിൽസ് ഓഫീസർ | 10 | 200 | 2000 | 1517/D2/15/ SIEP തീയതി 25.01.2016 |
| | | ശ്രീ. സി.സത്യൻ, പ്യൂൺ | 10 | 150 | 1500 | |
| | | ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ | 10 | 150 | 1500 | |
| ii | പി. എൻ. പണിക്കർ ഫൗണ്ടേഷൻ (പാളയം രക്തസാക്ഷി മണ്ഡപം) | ശ്രീമതി ക്ഷിതി.വി.ദാസ്, ഡെവലപ്പ്മെന്റ് ഓഫീസർ | 7 | 200 | 1400 | 684/D2/15/ SIEP തീയതി 06.08.2015 |
| | | ശ്രീമതി സുനിത.എസ്, എൽ.ഡി.സി. | 7 | 150 | 1050 | |
| | | ശ്രീ. ദിലീപ്കുമാർ.എം.ആർ, ഡ്രൈവർ കം പ്യൂൺ | 7 | 150 | 1050 | |
| iii | കോട്ടയം തിരുനക്കര മൈതാനി | ശ്രീമതി പി.നൂർജഹാൻ, ജൂനിയർ സൂപ്രണ്ട് | 10 | 200 | 2000 | 6/D2/15/ SIEP തീയതി 15.05.2015 |
| | | ശ്രീ. ടി.കെ.പീയൂസ്, കോപ്പീയിസ്റ്റ് | 10 | 150 | 1500 | |
| | | ശ്രീ. കെ.വിനോദ്കുമാർ, എൽ.ഡി.സി. | 10 | 150 | 1500 | |
| | | ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ | 10 | 150 | 1500 | |
| iv | സുവർണം-2015 കോട്ടയം തിരുനക്കര മൈതാനി | ശ്രീ. കെ.വിനോദ്കുമാർ, എൽ.ഡി.സി. | 5 | 150 | 750 | 1347/D2/15/ SIEP തീയതി 25.01.2016 |
| | | ശ്രീമതി ദീപ്തി ദിനേശ്, എൽ.ഡി.സി. | 5 | 150 | 750 | |
| | | ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ | 5 | 150 | 750 | |
| v | തൈക്കാട് പോലീസ് | ശ്രീമതി ക്ഷിതി.വി.ദാസ്, | 7 | 200 | 1400 | 1605/D2/15/ SIEP |

| | | | | | | |
|---|---|---|---|---|---|---|
| | | ഡെവലപ്പ്മെന്റ് ഓഫീസർ | | | | |
| | മൈതാനി, തിരുവനന്തപുരം | ശ്രീ. കെ.വിനോദ്കുമാർ, എൽ.ഡി.സി. | 7 | 150 | 1050 | തീയതി 05.01.2016 |
| | | ശ്രീമതി സുനിത.എസ്, എൽ.ഡി.സി. | 7 | 150 | 1050 | |
| vi | കോഴിക്കോട് കണ്ടംകുളം ജൂബിലി ഹാൾ | ശ്രീ. ബി.മുരുകൻ, സെയിൽസ് ഓഫീസർ | 10 | 200 | 2000 | 1163/D2/15/ SIEP തീയതി 25.11.2015 |
| | | ശ്രീ. സി.സത്യൻ, പ്യൂൺ | 10 | 150 | 1500 | |
| | | ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ | 10 | 150 | 1500 | |
| vii | കണ്ണൂർ ടൗൺ സ്ക്വയർ | ശ്രീ. ബി.മുരുകൻ, സെയിൽസ് ഓഫീസർ | 6 | 200 | 1200 | 329/D2/15/ SIEP തീയതി 04.09.2015 |
| | | ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ | 6 | 150 | 900 | |
| | | ശ്രീ. സി.സത്യൻ, പ്യൂൺ | 6 | 150 | 900 | |
| viii | തൃശ്ശൂർ സാഹിത്യ അക്കാദമി | ശ്രീ. ബി.മുരുകൻ, സെയിൽസ് ഓഫീസർ | 10 | 200 | 2000 | 1718/D2/15/ SIEP തീയതി 27.02.2016 |
| | | ശ്രീ. ദിലീപ്കുമാർ.എം.ആർ., ഡ്രൈവർ കം പ്യൂൺ | 10 | 150 | 1500 | |
| | | ശ്രീ. സി.സത്യൻ, പ്യൂൺ | 10 | 150 | 1500 | |
| ix | കാട്ടാൽ - കാട്ടാക്കട | ശ്രീ. കെ.വിനോദ്കുമാർ, എൽ.ഡി.സി. | 9 | 150 | 1350 | 413/D2/15/ SIEP തീയതി 15.05.2015 |
| | | ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ | 5 | 150 | 750 | |
| | | ശ്രീ. ദിലീപ്കുമാർ.എം.ആർ., ഡ്രൈവർ കം പ്യൂൺ | 4 | 150 | 600 | |
| x | കനകക്കുന്ന് | ശ്രീ. ബി.മുരുകൻ, സെയിൽസ് ഓഫീസർ | 4 | 200 | 800 | 1909D2/14/ SIEP തീയതി |
| | | ശ്രീമതി സുനിത.എസ്, | 4 | 150 | 600 | |

| | | | | | | |
|---|---|---|---|---|---|---|
| | | എൽ.ഡി.സി. | | | | |
| | | ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ | 4 | 150 | 600 | 18.04.2015 |
| | | | | ആകെ (രൂപ) | 38450 | |

അനർഹമായി അനുവദിച്ച ഓണറേറിയം തുക 38,450/- രൂപ, കൈപ്പററിയ വ്യക്തികളിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3.6 ട്രാൻസ്പോർട്ടേഷന് നിയതമായ രീതി അവലംബിക്കുന്നില്ല

പുസ്തകമേളകളിൽ വിജ്ഞാനകോശ വാല്യങ്ങൾ കൊണ്ടുപോകുന്നതിനായി നിയതമായ രീതി അവലംബിക്കുന്നില്ല. ട്രാൻസ്പോർട്ടിംഗിനായി സ്വകാര്യ ഏജൻസികളുടെ വാഹനങ്ങളെയും കൊറിയർ സർവ്വീസിനെയും ആശ്രയിക്കുന്നു.

കേരള സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പരിശോധനയിൽ, വൗച്ചറുകളോടൊപ്പമുള്ള ട്രാൻസ്പോർട്ടേഷൻ ബില്ലുകളിൽ രേഖപ്പെടുത്തിയ വാഹന നമ്പരുകളിലുള്ള വാഹനങ്ങളിൽ പലതും നോൺ ട്രാൻസ്പോർട്ട് വിഭാഗത്തിൽപ്പെടുന്ന സ്വകാര്യ വാഹനങ്ങളാണെന്ന് കണ്ടെത്തി . വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രദർശനം | ട്രാൻസ്പോർ ട്ടേഷൻ ചാർജ് | വാഹന നമ്പർ | മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം വാഹനത്തിന്റെ വിശദാംശം |
|---|---|---|---|---|
| i | സുവർണം-2015 കോട്ടയം തിരുനക്കര മൈതാനി | 3300 | KL-01-AR-4403 | റോഷ്നി.എസ്. എന്നയാളുടെ ഉടമസ്ഥതയിലുള്ള മാരുതി കാർ (Non transport vehicle) |
| ii | കനകക്കുന്ന് | 400 | KL-01-BB-4305 | ഹമീദ് എന്നയാളുടെ ഉടമസ്ഥതയിലുള്ള മാരുതി സ്വിഫ്റ്റ് ഡിസയർ കാർ (Non transport vehicle) |

ട്രാൻസ്പോർട്ടിംഗ് ബില്ലുകൾ നൽകിയപ്പോൾ നോട്ടപ്പിശക് മൂലം സംഭവിച്ച തെറ്റാണെന്ന് ഇൻസ്റ്റിറ്റ്യൂട്ട് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 2/29.03.2017 ന്റെ മറുപടി).

പുസ്തക മേളകളിലെ ശരാശരി വില്പന തിട്ടപ്പെടുത്താതെ, ആവശ്യത്തിലധികം ബണ്ടിലുകൾ കൊണ്ടുപോകുകയും വില്പന നടത്താതെ ഭൂരിഭാഗവും തിരികെ കൊണ്ടുവരികയും ചെയ്യുന്നതുവഴി ട്രാൻസ്പോർട്ടിംഗ് ചാർജിനത്തിൽ തുക പാഴാകുന്നു. ഉദാഹരണമായി, സുവർണം പുസ്തകമേളയിൽ 435 പുസ്തകങ്ങൾ കൊണ്ടുപോയതിൽ 323 എണ്ണം തിരികെകൊണ്ടുവന്നു. കണ്ണൂർ പുസ്തകോത്സവത്തിന് 20 ബണ്ടിൽ പുസ്തകങ്ങൾ കൊണ്ടുപോയതിൽ 8 ബണ്ടിലുകൾ മാത്രമാണ് വിറ്റഴിച്ചത്.

വില്പന മുൻകൂട്ടി പ്രവചിക്കാൻ സാധിക്കുകയില്ലായെന്നും വാല്യങ്ങൾ തികയാതെ വരുമ്പോൾ പ്രദർശനം കഴിഞ്ഞ് തിരികെയെത്തി അയച്ചുകൊടുക്കുകയാണ് ചെയ്തുവരുന്നതെന്നും ഇതിന് അധികച്ചെലവ് ഉണ്ടാകുമെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, 2015-16 സാമ്പത്തിക വർഷം ഇപ്രകാരം സംഭവിച്ചതായി കാണുന്നില്ല. പ്രതികൂല കാലാവസ്ഥ പാർസൽ സർവ്വീസിനെ ഒഴിവാക്കാൻ കാരണമായെന്ന വാദം അംഗീകരിക്കുന്നില്ല.

പുസ്തകമേളകളിലെ ശരാശരി വില്പന തിട്ടപ്പെടുത്തി മാത്രം പുസ്തകങ്ങൾ കൊണ്ടുപോകാൻ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം ട്രാൻസ്പോർട്ടേഷൻ വൗച്ചറുകളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3.7 വാടക കരാർ പുതുക്കിയില്ല - വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവയിൽ ഇൻസ്റ്റിറ്റ്യൂട്ടിന് അധിക ബാധ്യത

യഥാസമയം വാടക കരാർ പുതുക്കാതിരുന്നതിനാൽ വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നീ ഇനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്ന് അധിക ചെലവുണ്ടാകുന്നു.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കുമായുണ്ടാക്കിയ 08.02.2013-ലെ വാടക കരാർ പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് 01.04.2013 മുതൽ സഹകരണ ബാങ്ക് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. 08.02.2013 മുതൽ 11 മാസത്തേയ്ക്കുള്ള വാടക കരാർ അനുസരിച്ച് 25,934/- രൂപയാണ് വാടകയായി നിശ്ചയിച്ചിരുന്നത്. ഇതിനു പുറമെ ഇൻസ്റ്റിറ്റ്യൂട്ടാണ് വൈദ്യുതി ചാർജും, വാട്ടർ ചാർജും ഒടുക്കേണ്ടത്. സഹകരണ ബാങ്കിന്റെ ഒരു ശാഖ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ 13.06.2016 മുതൽ പ്രവർത്തനം ആരംഭിച്ചു. വൈദ്യുതി, വെള്ളം എന്നിവ കെട്ടിടത്തിലെ പൊതുവായ കണക്ഷനിൽ നിന്നുമാണ്

ബാങ്ക് ഉപയോഗിച്ചു വരുന്നത്. ഇക്കാരണത്താൽ വൈദ്യുതി, വെള്ളം എന്നിവയുടെ ഉപഭോഗത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത വർദ്ധനവ് അനുസരിച്ചുള്ള തുകയും ഇൻസ്റ്റിറ്റ്യൂട്ടാണ് ഒടുക്കിവരുന്നത്. 07.01.2014 ൽ അവസാനിച്ച കരാർ ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെയും പുതുക്കിയിട്ടില്ല. കാലികമായി കരാർ പുതുക്കിയിരുന്നെങ്കിൽ ഇത്തരത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് അധിക ബാധ്യതയുണ്ടാകില്ലായിരുന്നു.

വാടക കരാർ പുതുക്കണമെന്ന് ആവശ്യപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് പലപ്രാവശ്യം കത്ത് നൽകിയിരുന്നുവെങ്കിലും, സഹകരണ ബാങ്കിൽ നിന്നും മറുപടി ലഭിച്ചില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 09/19.05.2017 ന്റെ മറുപടി).

വൈദ്യുതി ചാർജ്, വാട്ടർ ചാർജ് എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി അടിയന്തിരമായി കരാർ പുതുക്കേണ്ടതാണ്.

# ഭാഗം-4

# സമകാലീന ഓഡിറ്റ് നിരീക്ഷണങ്ങൾ

## 4.1 കേരള വിജ്ഞാനകോശം വാല്യത്തിന്റെ പ്രസിദ്ധീകരണം - പുരോഗതി കൈവരിച്ചിട്ടില്ല - നാളിതുവരെ ചെലവാക്കിയത് 2,22,004/- രൂപ

കേരള വിജ്ഞാനകോശം വാല്യത്തിന്റെ പ്രസിദ്ധീകരണത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ശില്പശാലകൾ നടത്തുന്നതിൽ മാത്രമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഒതുങ്ങി. ഉപദേശക സമിതി യോഗങ്ങൾക്കും ശില്പശാലകൾക്കുമായി നാളിതുവരെ 2,22,004/- രൂപ ചെലവാക്കി.

കേരള വിജ്ഞാനകോശം വാല്യത്തിന്റെ നിർമ്മിതിയുമായി ബന്ധപ്പെട്ട് 26 അംഗ ഉപദേശക സമിതി രൂപീകരിച്ചു കൊണ്ട് 04.02.2015 ലെ 119/ഇ 3/2015/എസ്.ഐ.ഇ.പി നം. പ്രകാരം ഉത്തരവായിരുന്നു. 27.02.2015, 30.11.2016 തീയതികളിൽ തൈക്കാട് ഗവ.ഗസ്റ്റ് ഹൗസിൽ വെച്ച് നടന്ന ഉപദേശക സമിതി യോഗങ്ങൾക്ക് യഥാക്രമം 19,011/- രൂപ, 28,467/- രൂപ ചെലവായിട്ടുണ്ട്. എന്നാൽ ആദ്യ യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ യോഗം കൈക്കൊണ്ട തീരുമാനങ്ങൾ എന്താണെന്ന് വ്യക്തമല്ല.

30.11.2016 ൽ നടന്ന രണ്ടാമത്തെ യോഗത്തിന്റെ മിനിട്സ് പ്രകാരം വിദഗ്ധരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂടി ഉൾക്കൊള്ളിച്ച് വാല്യത്തിന്റെ കോ-ഓർഡിനേറ്റർ തയ്യാറാക്കിയ ശീർഷകലിസ്റ്റിന് അന്തിമരൂപം നൽകിയതിനുശേഷം വിഷയാധിഷ്ഠിത ശിൽപശാലകൾ സംഘടിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതായത് ശീർഷക ലിസ്റ്റിന്റെ അന്തിമരൂപം തയ്യാറാക്കിയതിനു ശേഷം മാത്രമാണ് ശില്പശാലകൾ നടത്തേണ്ടത്. എന്നാൽ കേരള വിജ്ഞാനകോശവുമായി ബന്ധപ്പെട്ട് 22.02.2017 ൽ തിരുവനന്തപുരത്തും 23.03.2017 ൽ കോഴിക്കോട്ടും വച്ച് രണ്ട് ശില്പശാലകൾ നടന്നു. ശീർഷക ലിസ്റ്റിന്റെ അന്തിമരൂപം തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് 07.02.2017 ലെ കെ .എസ്.എ.ഐ.ഇ.പി.02/30/2017 നം. കത്ത്, ഓഡിറ്റ് എൻക്വയറി നം. 06/15.05.17 എന്നിവ പ്രകാരം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

രണ്ട് ശില്പശാലകൾക്കുമായി ആകെ ചെലവാക്കിയിരിക്കുന്നത് 1,74,526/- രൂപയാണ് (95,628 + 78,898). എന്നാൽ 22.02.2017 ൽ നടക്കുന്ന ശില്പശാലയുടെ ആവശ്യകത എന്താണെന്ന് 07.02.17 ലെ കത്ത് പ്രകാരം ഓഡിറ്റ് ആരാഞ്ഞിട്ടും ആയതിന് മറുപടി നൽകാതെ 23.03.2017 ൽ വീണ്ടും ശില്പശാല നടത്തിയത് ശരിയായ നടപടിയല്ല. കൂടാതെ ശില്പശാലകൾ നടത്തുന്നതിന് സ്ഥാപന മേധാവിയിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടുമില്ല. ഇപ്രകാരം മുൻകൂർ അനുമതി വാങ്ങാതെ ജീവനക്കാരുടെ താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നത് ശരിയായ നടപടിയല്ല.

2014-15, 2015-16 വർഷങ്ങളിലെ പദ്ധതി ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന കേരള വിജ്ഞാനകോശ വാല്യത്തിന്റെ അച്ചടി ചെലവ് , ലേഖനങ്ങൾ തയ്യാറാക്കുന്നതിന്റെ പ്രതിഫലം എന്നിവയ്ക്കുവേണ്ടി യാതൊരു തുകയും നാളിതുവരെ ചെലവാക്കിയിട്ടില്ല . പ്രസ്തുത വാല്യത്തിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് 01/2015 ൽ ആരംഭിച്ച പ്രവർത്തനങ്ങൾ രണ്ട് വർഷം കഴിഞ്ഞിട്ടും ശില്പശാല നടത്തുന്ന ഘട്ടത്തിൽ മാത്രമാണ് . കേരള വിജ്ഞാനകോശത്തിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

## 4.2 പ്രിന്റിംഗ് പേപ്പർ സ്റ്റോക്ക്- പ്രസിൽ ബാക്കിയുള്ള പ്രിന്റിംഗ് പേപ്പറിന്റെ കണക്കിൽ അവ്യക്തത

ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രിന്റിംഗ് പേപ്പർ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

എ) 28.04.1994 മുതലാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ആരംഭിച്ചിരിക്കുന്നത്. എന്നാൽ 18.03.2009 ന് ശേഷം മാത്രമാണ് രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

ബി) 18.03.09 ൽ എസ്.ബി പ്രസിൽ 3472 റീം 67 ഷീറ്റ് പേപ്പർ ബാക്കിയുണ്ട് (സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 5). എന്നാൽ രജിസ്റ്റർ പ്രകാരം 08.07.2005 മുതൽ 18.03.2009 വരെ പ്രസിന് നൽകിയിട്ടുള്ളതും പ്രസ് ഉപയോഗിച്ചിട്ടുള്ളതുമായ പ്രിന്റിംഗ് പേപ്പറിന്റെ എണ്ണം പരിശോധിച്ചതിൽ

5422 റീം 202 ഷീറ്റ് പേപ്പർ ബാക്കി കാണേണ്ടതാണ്. അതായത് 1950 റീം 135 ഷീറ്റിന്റെ വ്യത്യാസം കാണുന്നു.

മേൽ അപാകത സംബന്ധിച്ചുള്ള വിശദീകരണം ഓഡിറ്റ് എൻക്വയറി നമ്പർ 03/07.04.2017 പ്രകാരം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 1950 റീം 135 ഷീറ്റ് പേപ്പറിന്റെ വില കണക്കാക്കി ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിനും സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4.3 കെഡബ്ല്യൂആർപി പ്രോജക്ട്- ഇൻസ്റ്റിറ്റ്യൂട്ടിനെ വിജ്ഞാന വെബ് കേന്ദ്രമാക്കുക എന്നത് ലക്ഷ്യം

കേന്ദ്ര ഇൻഫോർമേഷൻ വകുപ്പിന്റെ ധനസഹായത്തോടെ 01.06.2011 ലെ നമ്പർ 11 (24)2010-E-Infra പ്രകാരം ഭരണാനുമതി ലഭിച്ച് ആരംഭിച്ച കെഡബ്ല്യൂആർപി പ്രോജക്ടിന്റെ (Knowledge Web Repository Pilot Project) ലക്ഷ്യം ഇൻസ്റ്റിറ്റ്യൂട്ടിനെ 'ഒരു വിജ്ഞാന വെബ് കേന്ദ്രമാക്കുക' എന്നതാണ്. 31.03.2016 ൽ പൂർത്തീകരിച്ച പ്രോജക്ടിന്റെ വെബ്സൈറ്റ് 2016 ജൂലൈ മാസത്തിൽ പ്രവർത്തനം ആരംഭിച്ചു.

പ്രോജക്ടിനു വേണ്ടി എസ്.ബി.റ്റി ജഗതി ബ്രാഞ്ചിൽ ഒരു അക്കൗണ്ട് (നം. 67149778575) ആരംഭിച്ചു. അക്കൗണ്ടിൽ ആകെ വരവായി ലഭിച്ച 93,06,000/- രൂപയിൽ ബാക്കി വന്ന 10,70,235/- രൂപ 08.03.2016 ൽ കേന്ദ്ര സർക്കാരിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട് (ഡിഡി നം.586375/05.03.2016).

### 4.3.1 കാഷ്ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല

പ്രോജക്ടുമായി ബന്ധപ്പെട്ട കാഷ്ബുക്ക്, ചെലവ് വൗച്ചറുകൾ എന്നിവ കൃത്യമായി പരിപാലിക്കുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ട്. കാഷ് ബുക്ക് പരിശോധിച്ചതിൽ 01.03.2013 തീയതി മുതലാണ് രേഖപ്പെടുത്തലുകൾ ആരംഭിച്ചിരിക്കുന്നത്. 12.01.12 മുതൽ 30.09.12 വരെയുള്ള വരവ് ചെലവ് കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് തുടക്കത്തിൽ ചേർത്തിരിക്കുന്നത്. ആയത്

ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല . കൂടാതെ സ്റ്റേറ്റ്മെന്റിലുള്ള എല്ലാ ചെലവുകളുടെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള സോഫ്റ്റ്‌വെയർ , ഹാർഡ്‌വെയർ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പ്രോജക്ടിന്റെ ഭാഗമായി ഫർണിച്ചറുകൾ വാങ്ങിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല . കൂടാതെ രജിസ്റ്ററിൽ ധാരാളം വെട്ടിത്തിരുത്തലുകൾ ഉണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ളതും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റോക്കിലെടുത്തിട്ടുള്ളതുമായ വസ്തുക്കൾ സംബന്ധിച്ച് നിലവിലെ അവസ്ഥ വിശദമാക്കേണ്ടതാണ്.

### 4.3.2 പ്രോജക്ടുമായി ബന്ധപ്പെട്ട് വർക്ക് ഷോപ്പ് സംഘടിപ്പിച്ച-ബാക്കി തുക 2,69,931/- രൂപ 6 മാസം കൈവശം സൂക്ഷിച്ചു

പ്രോജക്ടുമായി ബന്ധപ്പെട്ട് 03.09.2014 നടന്ന വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നതിനും മറ്റ് അത്യവശ്യ ചെലവുകൾക്കുമായി പ്രോജക്ട് ഫണ്ടിൽ നിന്നും നൽകിയ 4 ലക്ഷം രൂപയിൽ ബാക്കി വന്ന തുക തിരികെ ഒടുക്കിയത് 07.03.2015 ലാണ്.

പ്രോജക്ടിന്റെ കോ-ഇൻവെസ്റ്റിഗേറ്ററായ ശ്രീ.എ.പുഷ്പഹാസന് 30.08.2014 ലെ പി.എഫ്.93/ഇ 3/2010/എസ്.ഐ.ഇ.പി നം. ഉത്തരവ് പ്രകാരമാണ് 4 ലക്ഷം രൂപ പ്രോജക്ട് ഫണ്ടിൽ നിന്നും പിൻവലിക്കാൻ അനുമതി നൽകിയത്. 4 ലക്ഷം രൂപയിൽ ബാക്കി വന്ന 2,63,931/- രൂപ പ്രോജക്ട് അക്കൗണ്ടിലേക്ക് തിരികെ അടയ്ക്കാൻ ഉത്തരവായത് 07.03.2015 ൽ മാത്രമാണ്. 6 മാസത്തോളം ഇത്രയും വലിയ തുക കൈവശം സൂക്ഷിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ടിരുന്നു (ഓഡിറ്റ് എൻക്വയറി നം.10/24.05.2017). പ്രോജക്ടിന്റെ കാലയളവ് 31.08.2014 വരെയായിരുന്നതിനാൽ അതിനു ശേഷം തുക പിൻവലിക്കാൻ കഴിയുകയില്ല എന്നതിനാലും പ്രോജക്ടിന്റെ ലോഞ്ചിംഗിന്റെ ആവശ്യത്തിന് പണം ആവശ്യമുള്ളതിനാലുമാണ് ഇത്രയും വലിയ തുക കൈവശം വെച്ചിരുന്നത് എന്നും പിന്നീട് പ്രോജക്ടിന്റെ കാലാവധി 31.03.2015 വരെ നീട്ടിയതു കൊണ്ടാണ് ബാക്കിയുള്ള 2,63,931/- രൂപ തിരികെ അടച്ചതെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. ഈ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ 2,63,931/- രൂപ

താൽക്കാലിക പണാപഹരണം നടത്തിയതായി ഓഡിറ്റ് കണക്കാക്കുന്നു. ഇതിന് കാരണമായവർക്കെതിരെ ഉചിതമായ നടപടികൾ കൈക്കൊണ്ട് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 4.3.3 ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് 3,69,000/- രൂപ വകമാറ്റി

കേന്ദ്ര സർക്കാർ ഫണ്ട് വിനിയോഗിക്കുന്നതിലും ചെലവ് രേഖകൾ സൂക്ഷിക്കുന്നതിലും കാണിച്ച അനാസ്ഥ കാരണം പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റിയത് 3,69,000/- രൂപ. കെഡബ്ല്യൂആർപി പ്രോജക്ടിന്റെ ചീഫ് ഇൻവെസ്റ്റിഗേറ്റർ ആയിരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ.ഉമ്പമൺ തോമസിനായിരുന്നു പ്രോജക്ടിന്റെ മുഖ്യ ചുമതല . കേന്ദ്ര ഗ്രാന്റിന്റെ ആദ്യ ഗഡുവായി ലഭിച്ച 40 ലക്ഷം രൂപയിൽ നിന്ന് പലപ്പോഴായി പിൻവലിച്ചതും എന്നാൽ ചെലവ് രേഖകൾ ഇല്ലാത്തതുമായ ആകെ 3,69,000/- രൂപ (31.01.2013 വരെയുള്ള ചെലവ്) സംബന്ധിച്ച് ശ്രീ.ഉമ്പമൺ തോമസ്, പ്രോജക്ടിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺസൾട്ടന്റ് ആയിരുന്ന ശ്രീ .മുകുന്ദൻ പിള്ള എന്നിവരോട് വിശദീകരണം ചോദിച്ചെങ്കിലും മറുപടി ലഭിച്ചിട്ടില്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിൽ നിന്നും രണ്ടാം ഘട്ട ഗ്രാന്റ് ലഭിക്കുന്നതിനായി ഒന്നാം ഘട്ട ഗ്രാന്റിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുള്ളതിനാൽ ചെലവ് രേഖകൾ ഇല്ലാത്ത 3,69,000/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് പ്ലാൻ ഫണ്ടിൽ നിന്നും പ്രോജക്ട് ഫണ്ടിലേക്ക് വകമാറ്റാൻ 29.01.2014 ലെ ഭരണസമിതി യോഗം തീരുമാനിച്ചു. 13.03.14 ലെ പി.എഫ്.93/2010/എസ്.ഐ.ഇ.പി നം. ഉത്തരവ് പ്രകാരം തുക 2013-14 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും പ്രോജക്ട് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും 27.05.2015 ലെ സ.ഉ (സാധാ) നം. 262/2015/സാം.ക.വ പ്രകാരം സർക്കാർ സാധൂകരണം നേടുകയും ചെയ്തു.

പ്രോജക്ടിന്റെ ആരംഭം മുതൽ തന്നെ ചെലവ് രേഖകൾ യഥാവിധി പരിശോധിച്ച് തുക വിനിയോഗിച്ചിരുന്നുവെങ്കിൽ ഇപ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും തുക വകമാറ്റേണ്ട അവസ്ഥ ഉണ്ടാകുമായിരുന്നില്ല. കൂടാതെ പ്രസ്തുത തുക ഉത്തരവാദിയായ ശ്രീ.ഉമ്പമൺ

തോമസിൽ നിന്നും യഥാസമയം ഈടാക്കാൻ കഴിയാതിരുന്നതും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

### 4.3.4 യഥാസമയം സേവന നികുതി നൽകിയില്ല- 1365/- രൂപ അധികം ചെലവായി

പ്രോജക്ടിനു വേണ്ടി സോഫ്റ്റ്‌വെയർ ഉണ്ടാക്കുന്നതിനും മറ്റ് സാങ്കേതിക സഹായം നൽകുന്നതിനും സി-ഡാക്കിന് നൽകേണ്ടുന്ന ഡെവലപ്പ്മെന്റ് ചാർജിനോടൊപ്പം സേവന നികുതി യഥാസമയം നൽകാതിരുന്നതിനാൽ 1365/- രൂപയുടെ അധിക ചെലവുണ്ടായി.

കരാർ പ്രകാരം സി -ഡാക്കിന് ആകെ നൽകേണ്ടുന്ന തുക 30,66,304/- രൂപയാണ് (ഡെവലപ്പ്മെന്റ് ചാർജ് 27,29,000+12.36% സേവന നികുതി). 27,59,674/- രൂപ 3 തവണയായി നൽകി. അവസാന ഗഡു തുക 3,06,630/- രൂപയാണ് (10% ഡെവ.ചാർജ് 2,72,900+12.36% സേവന നികുതി). 2015-16 ൽ സേവന നികുതി 14 % ആക്കിയതിനാൽ നൽകേണ്ടുന്ന തുക 3,11,106/- ആണ്. അധികമായി നൽകേണ്ടുന്ന 4476/- രൂപ (3,11,106-3,06,630) 2015-16 ലെ പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിനായി 27.11.2015 ൽ ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത തുക യഥാസമയം നൽകിയില്ല. 2016-17 ൽ സേവന നികുതി 14.5% ആക്കിയതിനാൽ 5841/- രൂപ നൽകുന്നതിനായി 29.09.2016 ൽ ഉത്തരവായി . 2015-16 ൽ ഉത്തരവായിട്ടും സേവന നികുതി യഥാസമയം നൽകാതിരുന്നതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും 1365/- രൂപ (5841-4476) അധികമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് ഐ.റ്റി മിഷനിൽ നിന്നും ലഭ്യമാക്കേണ്ടിയിരുന്ന സെക്യൂരിറ്റി ഓഡിറ്റ് സർട്ടിഫിക്കറ്റ് സി-ഡാക്ക് യഥാസമയം ഹാജരാക്കാത്തതിനാൽ സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷം തുക നൽകിയാൽ മതിയെന്ന ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സേവന നികുതി യഥാസമയം നൽകാതിരുന്നത് എന്ന മറുപടിയാണ് ഇൻസ്റ്റിറ്റ്യൂട്ട് ലഭ്യമാക്കിയത്.

### 4.3.5 പ്രോജക്ട് ചെലവുകൾ ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്ന്

പ്രോജക്ട് ഫണ്ടിൽ നിന്നും വിനിയോഗിക്കാമായിരുന്ന ചെലവുകൾക്ക് ആകെ 1,26,367/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്നും ചെലവാക്കിയിരിക്കുന്നു.

29.01.2014 ൽ കൂടിയ ഭരണസമിതി യോഗത്തിന്റെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുമായി ബന്ധപ്പെട്ട് തുക ചെലവാക്കിയ നടപടി സാധൂകരിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

എ) കെഡബ്ല്യൂആർപി പ്രോജക്ട് കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും ക്രമീകരിക്കാൻ ക്യൂബിക്കിൾ നിർമ്മാണം, എ.സി ഫിറ്റിംഗ് എന്നിവയ്ക്ക് യഥാക്രമം 44655/- , 31545/- രൂപ ചെലവാക്കി.

ബി) പ്രോജക്ടുമായി ബന്ധപ്പെട്ട് ഇന്റർനെറ്റ് കണക്ഷൻ സ്ഥാപിക്കാനും ഇലക്ട്രിക് പണികൾക്കുമായി 38691/- രൂപ ചെലവാക്കി.

ഗ്രാന്റ് തുകയിൽ ബാക്കി വന്ന 10,70,235/- രൂപ 08.03.2016 ൽ മാത്രമാണ് കേന്ദ്ര സർക്കാരിലേക്ക് ഒടുക്കിയത്. സേവന നികുതി 14% ആക്കിയതിനാൽ സി-ഡാക്കിന് അധികമായി 4476/- രൂപ നൽകുവാൻ 27.11.2015 ന് ഉത്തരവായതിനാൽ പ്രസ്തുത തുക 05.03.2016 ന മുൻപ് പ്രോജക്ട് ഫണ്ടിൽ നിന്നും നൽകാമായിരുന്നു . കൂടാതെ 31.03.2015 ൽ കാലാവധി അവസാനിച്ച പ്രോജക്ട് ഗ്രാന്റിന്റെ അവസാന വിനിയോഗ സർട്ടിഫിക്കറ്റ് തയ്യാറാക്കിയതിന് 29.03.2016 ൽ M/s Ratheesan & Co യ്ക്ക് നൽകിയ 7000/- രൂപയും 05.03.2016 ന് മുൻപ് തന്നെ പ്രോജക്ട് ഫണ്ടിൽ നിന്നും നൽകാമായിരുന്നു. പ്രോജക്ട് ഫണ്ടിൽ നിന്നും ചെലവ് നടത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് കല്പന ബംഗ്ലാവിൽ പ്രവർത്തിച്ചിരുന്ന സമയത്ത് എ), ബി) എന്നിവ പ്രകാരമുള്ള ജോലികൾക്ക് പ്രോജക്ട് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരുന്നതിനാൽ പുതിയ ഓഫീസിൽ വന്നതിന ശേഷം അതേ ആവശ്യത്തിന് വീണ്ടും പ്രോജക്ട് ഫണ്ട് ഉപയോഗിക്കാൻ കഴിയാത്തതിനാലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ട് ഉപയോഗിക്കേണ്ടി വന്നതെന്ന മറുപടിയാണ് ലഭിച്ചത്.

### 4.3.6 ഉപയോക്ത ഹിതകരമല്ലാത്ത കെഡബ്ല്യൂആർപി പ്രോജക്ട് വെബ്സൈറ്റ്- ലക്ഷ്യം സഫലമാക്കുന്നില്ല

സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു വെബ് അധിഷ്ഠിത വിജ്ഞാന സംഭരണിയാക്കി മാറ്റുക എന്ന ലക്ഷ്യ ത്തോടെ തുടക്കം കുറിച്ച കെഡബ്ല്യൂആർപി പ്രോജക്ടിന്റെ വെബ്സൈറ്റിൽ പരിഷ്കരിച്ച സർവ്വവിജ്ഞാനകോശം 1 മുതൽ 7 വരെയുള്ള വാല്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ടിന്റെ ദൗത്യം, ദർശനം, ലക്ഷ്യം എന്നിവ പ്രതിപാദിക്കാതെയാണ് വെബ്സൈറ്റ് തയ്യാറാക്കിയിരിക്കുന്നത്.




**കെഡബ്ല്യൂആർപി പ്രോജക്ട് വെബ്സൈറ്റ്**

പരിഷ്കരിച്ച സർവ്വവിജ്ഞാനകോശ വാല്യങ്ങളുടെ (1 മുതൽ 7 വരെ) വൈജ്ഞാനിക കലവറയായ ഈ പബ്ലിക് ഡൊമൈൻ ഒരു പുതിയ ഉപയോക്താവിന് വിവരശേഖരണം അസാധ്യമായ നിലയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. വളരെ ചുരുങ്ങിയ സമയം കൊണ്ട് ആവശ്യമായ വിവരശേഖരണം നടത്താൻ സാധിക്കുന്ന അനേകം സൗജന്യ പബ്ലിക് ഡൊമൈനുകൾ (ഉദാ. വിക്കിപീഡിയ) ലഭ്യമായതിനാൽ കെഡബ്ല്യൂആർപി വെബ്സൈറ്റിന്റെ വിഷമകരമായ രീതിയിലുള്ള രൂപകല്പന ഉപയോക്താവിന് വിരസത ഉളവാക്കാൻ സാധ്യതയുണ്ട്. മാത്രവുമല്ല പരിഷ്കരിച്ച വിജ്ഞാനകോശവാല്യങ്ങളുടെ ഏതെല്ലാം പതിപ്പുകളാണ് വെബ്സൈറ്റിൽ

ഉൾപ്പെടുത്തിയിട്ടുള്ളത് എന്നത് ഹോം പേജിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള സേവനങ്ങൾ ഉപയോക്താവിന് വേഗത്തിൽ ലഭ്യമാകുന്നില്ല. വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള "സഹായം" എന്ന ഓപ്ഷൻ പ്രവർത്തിക്കാത്തതിനാൽ വെബ്സൈറ്റ് ഉപയോഗിച്ച് കൊണ്ടിരിക്കുമ്പോഴുണ്ടാകുന്ന സംശയങ്ങൾക്ക് സത്വരമായ യാതൊരു സഹായവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുനിന്നും ഉപയോക്താവിന് ലഭിക്കുന്നില്ല. വെബ്സൈറ്റിന്റെ നിർമ്മാതാക്കളായ ഡിസ്പേസ് 2013 ഏപ്രിൽ 12 ന് ഇൻസ്റ്റിറ്റ്യൂട്ടുമായുള്ള കരാറിൽ നിന്നു പിൻമാറുകയും, ഇൻസ്റ്റിറ്റ്യൂട്ട് സി-ഡാക്കുമായി 2013 ആഗസ്റ്റ് 21 ന് പുതിയ കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ ഇപ്പോഴും വെബ്സൈറ്റിന്റെ നിർമ്മാണവും , പകർപ്പവകാശവും ഡിസ്പേസിന്റെ പേരിലാണെന്നാണ് വെബ്സൈറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തുടർച്ചയായ മേൽനോട്ടത്തിന്റെ അഭാവത്താൽ വെബ്സൈറ്റ് കാലികമാക്കുന്നില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്.




നാളിതുവരെയുള്ള വെബ്സൈറ്റിന്റെ പ്രവർത്തനം , വെബ്സൈറ്റിലെ സന്ദർശകരുടെ എണ്ണം മുതലായ വിവരങ്ങളടങ്ങിയ വിശദമായ റിപ്പോർട്ട് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. കെഡബ്ല്യൂആർപി പ്രോജക്ട് വെബ്സൈറ്റ് പ്രോജക്ടിന്റെ ലക്ഷ്യ സഫലീകരണത്തിന് ഉതകുന്ന തരത്തിലല്ല രൂപകല്പന ചെയ്തിരിക്കുന്നത്.

# ഭാഗം 5
# സാമ്പത്തിക നില

## 5.1 ധനസ്ഥിതി വിവരണം

ഇൻസ്റ്റിറ്റ്യൂട്ടിന് ജനറൽ ഫണ്ട് , റിവോൾവിംഗ് ഫണ്ട് എന്നീ രണ്ടു അക്കൗണ്ടുകളാണ് നിലവിലുള്ളത്. ജനറൽ ഫണ്ട് അക്കൗണ്ട്സിനായി റ്റി.പി.എ. 230, റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സിനായി റ്റി.പി.എ 494, ദൈനം ദിന ഇടപാടുകൾക്കായി എസ്.ബി.റ്റി അക്കൗണ്ട് നം. 57037146832 എന്നിവ പരിപാലിച്ചു വരുന്നു. 2015-16 വർഷത്തെ ആകെ വരവ് 6,11,90,881/- രൂപയും ആകെ ചെലവ് 6,68,67,197/- രൂപയും ആണ്.

| | |
|---|---:|
| 01.04.2015 ലെ മുന്നിരിപ്പ് (ക്യാഷ്, ട്രഷറി & ബാങ്ക്) | 12478200.51 |
| തൻ വർഷത്തെ വരവ് | 61190881.00 |
| ആകെ | 73669081.51 |
| തൻ വർഷത്തെ ചെലവ് | 66867197.00 |
| നീക്കിയിരിപ്പ് | 6801884.51 |

### എ) ജനറൽ ഫണ്ട് അക്കൗണ്ട്സ്

ജനറൽ ഫണ്ട് അക്കൗണ്ട്സിന്റെ ക്യാഷ് ബുക്ക്, ട്രഷറി രേഖകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ 2015-16 വർഷത്തെ വരവ് 4,53,21,106/- രൂപയും ചെലവ് 4,87,43,335/- രൂപയുമാണ്.

| | |
|---|---:|
| 01.04.2015 ലെ മുന്നിരിപ്പ് (ക്യാഷ് ) & (ട്രഷറി) | 5251630.00 |
| വരവ് | 45321106.00 |
| ആകെ | 50572736.00 |
| ചെലവ് | 48743335.00 |
| ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | 1829401.00 |

**നീക്കിയിരിപ്പിന്റെ വിശദാംശം**

| | |
|---|---|
| കയ്യിരിപ്പ് തുക | 1000 |
| ട്രഷറിയിലെ നീക്കിയിരിപ്പ് തുക (റ്റി.പി.എ-230) | 1828401 |
| ആകെ | 1829401 |

**പൊരുത്തപ്പെടുത്തൽ**

| | |
|---|---|
| ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം (റ്റി.പി.എ-230) 31.03.2016 ലെ നീക്കിയിരിപ്പ് | 2597750 |
| (-) ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത വരവ് തുക | 608 |
| (-) പണമാക്കാത്ത ചെക്കുകൾ 2005-06 മുതൽ 2015-16 വരെ നിലവിലുള്ളത് | 768741 |
| ആകെ | 1828401 |
| (+) കയ്യിരിപ്പ് തുക | 1000 |
| ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | 1829401 |

ക്യാഷ് ബുക്കും ട്രഷറി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുണ്ട്. ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 25,97,750/- രൂപയിൽ തൻ വർഷം പണമാകാത്ത ചെക്കുകളുടെ തുക 7,48,980/-രൂപയും, 2005-06 മുതൽ 2014-15 വരെയുള്ള കാലയളവിലെ പണമാകാത്ത ചെക്കുകളുടെ തുക 19,761/- രൂപയും ചേർത്ത് ആകെ 7,68,741/- രൂപ കൂടി ഉൾപ്പെടുന്നു. കാലഹരണപ്പെട്ട ചെക്കുകൾ പണമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതും 03.10.2015 ൽ ട്രഷറി സ്റ്റേറ്റ്മെന്റിൽ വരവ് വന്നിട്ടുള്ളതുമായ 608/- രൂപ സംബന്ധിച്ച വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

**പണമാക്കാത്ത ചെക്കുകളുടെ വിശദാംശങ്ങൾ (01.04.2015 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ)**

| ക്രമ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 1549652 | 18.02.2016 | 4880 |

| | | | |
|---|---|---|---|
| 2 | 1549656 | 24.02.2016 | 4616 |
| 3 | 1549661 | 29.02.2016 | 1200 |
| 4 | 1549669 | 14.03.2016 | 1600 |
| 5 | 1549670 | 14.03.2016 | 800 |
| 6 | 1549685 | 26.03.2016 | 840 |
| 7 | 1549686 | 26.03.2016 | 1160 |
| 8 | 1549687 | 26.03.2016 | 440 |
| 9 | 1549688 | 26.03.2016 | 1340 |
| 10 | 1549689 | 26.03.2016 | 940 |
| 11 | 1549690 | 26.03.2016 | 320 |
| 12 | 1549691 | 26.03.2016 | 3440 |
| 13 | 1549692 | 26.03.2016 | 2480 |
| 14 | 1549696 | 29.03.2016 | 1200 |
| 15 | 1549697 | 29.03.2016 | 97774 |
| 16 | 1549699 | 30.03.2016 | 539000 |
| 17 | 1526702 | 31.03.2016 | 27478 |
| 18 | 1526703 | 31.03.2016 | 1576 |
| 19 | 1526704 | 31.03.2016 | 51840 |
| 20 | 1526705 | 31.03.2016 | 520 |
| 21 | 1526706 | 31.03.2016 | 1040 |
| 22 | 1526707 | 31.03.2016 | 1296 |
| 23 | 1526708 | 31.03.2016 | 1880 |
| 24 | 1526709 | 31.03.2016 | 1320 |
| | | **ആകെ** | **7,48,980** |

**പണമാക്കാത്ത ചെക്കുകൾ (2005-06 മുതൽ 2014-15 വരെയുള്ള കാലയളവിൽ)**

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1 | 2005-06 | 4911 |

| | | |
|---|---|---|
| 2 | 2006-07 | 250 |
| 3 | 2007-08 | 1450 |
| 4 | 2008-09 | 4000 |
| 5 | 2009-10 | 300 |
| 6 | 2010-11 | 900 |
| 7 | 2011-12 | 2720 |
| 8 | 2012-13 | 2400 |
| 9 | 2013-14 | 1080 |
| 10 | 2014-15 | 1750 |
| | **ആകെ** | **19,761** |

(ബാങ്ക്/ട്രഷറി വരവ് ചെലവുകളിൽ ട്രാൻസ്ഫർ ക്രെഡിറ്റുകൾ ഉൾപ്പെടുന്നു.)

**ബി) റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ്**

റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സിന്റെ ക്യാഷ് ബുക്ക്, ട്രഷറി രേഖകൾ, ബാങ്ക് രേഖകൾ എന്നിവ പരിശോധിച്ചതിൽ 2015-16 വർഷത്തെ വരവ് 1,58,69,775/- രൂപയും ചെലവ് 1,81,23,862/- രൂപയുമാണ്.

| | |
|---|---|
| 01.04.2015 ലെ മുന്നിരിപ്പ് (ക്യാഷ്) | 1000.00 |
| മുന്നിരിപ്പ് (ട്രഷറി) | 7075467.00 |
| മുന്നിരിപ്പ് (ബാങ്ക്) | 150103.51 |
| വരവ് | 15869775.00 |
| ആകെ | 23096345.51 |
| ചെലവ് | 18123862.00 |
| നീക്കിയിരിപ്പ് | 4972483.51 |

(ബാങ്ക്/ട്രഷറി വരവ് ചെലവുകളിൽ ട്രാൻസ്ഫർ ക്രെഡിറ്റുകൾ ഉൾപ്പെടുന്നു.)

**നീക്കിയിരിപ്പിന്റെ വിശദാംശം**

| | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരമുള്ള കയ്യിരിപ്പ് | 1,500.00 |
| ട്രഷറി നീക്കിയിരിപ്പ് (ക്യാഷ് ബുക്ക് പ്രകാരം) | 49,41,034.00 |
| ബാങ്ക് നീക്കിയിരിപ്പ് (ക്യാഷ് ബുക്ക് പ്രകാരം) | 29,949.51 |
| **ആകെ** | **49,72,483.51** |

| 2015-16 ലെ നീക്കിയിരിപ്പ് (31.03.2016 ൽ) | |
|---|---|
| ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം | 49,41,034 |
| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | 29,949.51 |
| കയ്യിരിപ്പ് | 1,500 |
| **ആകെ** | **49,72,483.51** |

## 5.2 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,11,90,881 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,68,67,197 |
| തടസ്സപ്പെടുത്തിയ തുക | ഇല്ല |
| നിരസിച്ച തുക | 50,180 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| നഷ്ടം തിട്ടപ്പെടുത്താൻ അന്വേഷണം ആവശ്യമായവ | ഇല്ല |
| കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം | ഇല്ല |

**എ) തടസ്സപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ**

**ഇല്ല**

**ബി) നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| **3.3** | 6100 | ശ്രീ. ആർ.അനിരുദ്ധൻ,അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ് 1 |
| **3.4** | 480 | ശ്രീ. കെ. വിനോദ്കുമാർ, എൽ.ഡി.സി |
| | 3150 | ശ്രീ. ബി.മുരുകൻ, സെയിൽസ് ഓഫീസർ |
| | 2000 | ശ്രീമതി പി.നൂർജഹാൻ, ജൂനിയർ സൂപ്രണ്ട് |
| **3.5** | 8000 | ശ്രീ. ബി.മുരുകൻ, സെയിൽസ് ഓഫീസർ |
| | 2800 | ശ്രീമതി ക്ഷിതി.വി.ദാസ്, ഡെവലപ്പ്മെന്റ് ഓഫീസർ |
| | 5400 | ശ്രീ. സത്യൻ, പ്യൂൺ |
| | 7500 | ശ്രീ. ജെ.ആർ.രഞ്ജിത്, പ്യൂൺ |
| | 2700 | ശ്രീമതി സുനിത.എസ്, എൽ.ഡി.സി. |
| | 3150 | ശ്രീ. ദിലീപ്കുമാർ.എം.ആർ, ഡ്രൈവർ കം പ്യൂൺ |
| | 2000 | ശ്രീമതി പി.നൂർജഹാൻ, ജൂനിയർ സൂപ്രണ്ട് |
| | 1500 | ശ്രീ. ടി.കെ.പീയൂസ്, കോപ്പീയിസ്റ്റ് |
| | 4650 | ശ്രീ. കെ. വിനോദ്കുമാർ, എൽ.ഡി.സി |
| | 750 | ശ്രീമതി ദീപ്തി ദിനേശ്, എൽ.ഡി.സി |
| **ആകെ** | **50,180** | |

## 5.3 ഓഡിറ്റ് ചാർജ്

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 19 വകുപ്പ്, ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 24 (1) എന്നിവ പ്രകാരം 2008-09 വരെ വാർഷിക വരുമാനത്തിന്റെ 0.5% ഓഡിറ്റ് ചാർജ്ജായി കണക്കാക്കിയിരുന്നു. 28.08.2009 ലെ ജി.ഒ.(പി) നം. 368/09/ഫിൻ പ്രകാരം 2009-10 വർഷം മുതൽ ഓഡിറ്റ് സ്ഥാപനത്തിന്റെ തനതു വരുമാനത്തിന്റെ 1% മാത്രം ഓഡിറ്റ്ചാർജായി കണക്കാക്കാനും, സഹായ ഗ്രാന്റുകൾ ഓഡിറ്റ് ചാർജിൽ

നിന്നും ഒഴിവാക്കാനും നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2009-10 സാമ്പത്തിക വർഷം മുതൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് വരുമാനത്തിന്റെ 1% ഓഡിറ്റ് ചാർജായി കണക്കാക്കി വരുന്നു.

2015-16 സാമ്പത്തിക വർഷം, ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാനകോശ വാല്യങ്ങളുടെ വില്പനയിലൂടെ സമാഹരിച്ചത് ആകെ 20,62,854/- രൂപയാണ്. അതിന്റെ 1% ആയ 20,629/- രൂപ തൻവർഷത്തെ ഓഡിറ്റ് ചാർജായി കണക്കാക്കുന്നു.

2014-15 സാമ്പത്തികവർഷത്തെ ഓഡിറ്റ് ചാർജ്ജായ 24,795/- രൂപ അടവാക്കാൻ ബാക്കി നിൽക്കുന്നു. അതിനാൽ ഓഡിറ്റ് ചാർജ്ജിനത്തിൽ ഒടുക്കുവാനുള്ള ആകെ 45,424/- രൂപ (24795+20629) "ഓഡിറ്റ് ചാർജ് 0070-60-110-99" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
സിൽ & എസ്.ഐ.ഇ.പി. ഓഡിറ്റ്
തിരുവനന്തപുരം

# അനുബന്ധം-1

## 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്

സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2015-16 വർഷത്തെ കണക്കുകൾ പരിശോധിച്ചു. ആവശ്യപ്പെട്ട വിവരങ്ങളും വിശദീകരണങ്ങളും ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അവലോകനങ്ങൾക്ക് വിധേയമായി ഓഡിറ്റിനു ശേഷം എന്നോടു വിശദീകരിക്കപ്പെട്ട പ്രകാരവും , ഇൻസ്റ്റിറ്റ്യൂട്ടിലെ ബുക്കുകളിലെ രേഖപ്പെടുത്തലുകൾ പ്രകാരവും എന്റെ അഭിപ്രായത്തിൽ ഈ സ്ഥാപനത്തിന് അനുവദിക്കപ്പെട്ട സഹായ ഗ്രാന്റ് താഴെപ്പറയും പ്രകാരമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളതെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**പദ്ധതി വിഹിതം**

| സഹായ ഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവ് | വർഷം | ഗ്രാന്റ് സ്വീകരിച്ച സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തുക | റ്റി.പി.എ 230 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തീയതി | ഉദ്ദേശ്യം | ചെലവഴിച്ച തുക | അഡ്ജസ്റ്റ് ചെയ്യാനുള്ള തുക | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| ജി.ഒ. (ആർ.ടി.) നം. 327/2015/ സി.എ.ഡി തീയതി 07.07.2015 | 2015-16 | എസ്.ഐ.ഇ.പി | 50,00,000 | 14.07.2015 | പദ്ധതി നിർവ്വഹണ ചെലവ് | 4089956 | 910044 | ചെലവഴിക്കപ്പെടാത്ത പദ്ധതി വിഹിതം |

## പദ്ധതിയിതര വിഹിതം

| സഹായഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവ് | വർഷം | ഗ്രാന്റ് സ്വീകരിച്ച സ്ഥാപനത്തിന്റെ പേര് | അനുവദിച്ച തുക | റ്റി.പി.എ 230 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തീയതി | ഉദ്ദേശ്യം | ചെലവഴിച്ച തുക | അഡ്ജസ്റ്റ് ചെയ്യാനുള്ള തുക | കുറിപ്പ് |
|---|---|---|---|---|---|---|---|---|
| ജി.ഒ.(ആർ.ടി.) നം.251/2015/ സി.എ.ഡി തീയതി 21.05.2015 | 2015-16 | എസ്.ഐ.ഇ.പി | 71,59,000 | 26.05.2015 | പദ്ധതിയിതര ചെലവുകൾ | 26512379 | 2536379 | അധികമായി ചെലവാക്കി |
| ജി.ഒ.(ആർ.ടി.) നം.335/2015 / സി.എ.ഡി തീയതി 09.07.2015 | | | 71,59,000 | 24.07.2015 | | | | |
| ജി.ഒ.(ആർ.ടി.) നം.540/2015 / സി.എ.ഡി തീയതി 03.11.2015 | | | 71,59,000 | 11.11.2015 | | | | |
| | | | | | | | | |
| **സപ്ലിമെന്ററി ഗ്രാന്റ്** | | | | | | | | |
| ജി.ഒ.(ആർ.ടി.) നം.137/2016/ സി.എ.ഡി തീയതി 19.03.2016 | 2015-16 | | 24,99,000 | 23.03.2016 | | | | |

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നം.എൽ.എഫ്.സിൽ/എ 3/373/2016 തീയതി 03.10.2016 പ്രകാരം നൽകിയിട്ടുള്ള പ്രൊവിഷണൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിലെ പദ്ധതി വിഭാഗം , പദ്ധതിയേതര

വിഭാഗം എന്നിവയുടെ തിരിച്ചടയ്ക്കൽ/രജിസ്റ്റർ ചെയ്യാനുള്ള/തിരിച്ചടയ്ക്കപ്പെടാത്ത തുകയുടെ സാമ്പത്തിക നില ചുവടെ പറയുന്ന രീതിയിൽ ക്രമപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| പദ്ധതി സഹായ ഗ്രാന്റുകൾ | 50,00,000 |
| ചെലവ് | 40,89,956 |
| അഡ്ജസ്റ്റ് ചെയ്യാനുള്ള തുക | 9,10,044 |

| | |
|---|---|
| പദ്ധതിയേതര സഹായ ഗ്രാന്റുകൾ | 2,39,76,000 |
| ചെലവ് | 2,65,12,379 |
| അധികമായി ചെലവാക്കിയ തുക | 25,36,379 |

**ഡെപ്യൂട്ടി ഡയറക്ടർ**

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

സിൽ & എസ്.ഐ.ഇ.പി. ഓഡിറ്റ്

തിരുവനന്തപുരം

# അനുബന്ധം-2

## തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

### എ) ജനറൽ ഫണ്ട് അക്കൗണ്ട്സ്

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട്/വർഷം | തീയതി/റഫറൻസ് നം |
|---|---|---|
| 1 | 1976-77 | എൽ.എഫ്.കെ.(എം.)2-167/78 തീയതി 08.02.78 |
| 2 | 1977-78 | എൽ.എഫ്.കെ.എം.2-2279/78 തീയതി 18.12.78 |
| 3 | 1978-79 | എൽ.എഫ്.റ്റി.ഡി.14-2110/80 തീയതി 13.11.80 |
| 4 | 1979-80 | എൽ.എഫ്.റ്റി.ഡി.14-990/81 തീയതി 11.05.81/03.06.81 |
| 5 | 1980-81 | എൽ.എഫ്.റ്റി.ഡി.14-424/82 തീയതി 16.07.82 |
| 6 | 1981-82 | എൽ.എഫ്.റ്റി.ഡി.13/1123/83 തീയതി 21.01.84 |
| 7 | 1982-83 | എൽ.എഫ്.റ്റി.ഡി.13/1552/84 തീയതി 08.07.85 |
| 8 | 1983-84 | എൽ.എഫ്.റ്റി.ഡി.11/516/85 തീയതി 22.05.86/04.10.86 |
| 9 | 1984-85 | എൽ.എഫ്.റ്റി.ഡി.2963/86 തീയതി 01.12.89 |
| 10 | 1985-86 | എൽ.എഫ്.റ്റി.ഡി.1928/89 തീയതി 04.10.89 |
| 11 | 1986-87 | എൽ.എഫ്.റ്റി.ഡി.11.1104/89 തീയതി 10.05.91/06.08.91 |
| 12 | 1987-88 | എൽ.എഫ്.റ്റി.ഡി.11/970/92 തീയതി 17.08.92 |
| 13 | 1988-89 | എൽ.എഫ്.റ്റി.ഡി.11/972/92 തീയതി 17.08.92 |
| 14 | 1989-90 | എൽ.എഫ്.റ്റി.ഡി.11-602/93 തീയതി 01.03.94 |
| 15 | 1990-91 | എൽ.എഫ്.റ്റി.ഡി.11-60/94 തീയതി 05.07.95 |
| 16 | 1991-92 | എൽ.എഫ്.റ്റി.ഡി.11/196/95 തീയതി 25.11.95/29.02.96 |
| 17 | 1992-93 | എൽ.എഫ്.റ്റി.ഡി.11/196/95 തീയതി 29.02.96/30.03.96 |
| 18 | 1993-94 | എൽ.എഫ്.റ്റി.ഡി.11/1362/95 തീയതി 28.02.96/10.06.96 |
| 19 | 1994-95 | എൽ.എഫ്.റ്റി.ഡി.11/491/97 തീയതി 06.10.97 |
| 20 | 1995-96 | എൽ.എഫ്.റ്റി.ഡി.11/42/98 തീയതി 27.05.98/01.06.99 |
| 21 | 1996-97 | എൽ.എഫ്.റ്റി.ഡി.9(എ)/402/99 തീയതി 09.12.99 |
| 22 | 1997-98 | എൽ.എഫ്.റ്റി.ഡി.9(എ)/826/99 തീയതി 19.04.00 |
| 23 | 1998-99 | എൽ.എഫ്.റ്റി.ഡി.9(എ) 355/00 തീയതി 02.06.01 |

| | | |
|---|---|---|
| 24 | 1999-00 | എൽ.എഫ്.റ്റി.ഡി.9 (എ)140/01 തീയതി 13.11.01/20.05.02 |
| 25 | 2000-01 | എൽ.എഫ്.റ്റി.ഡി.9(എ)636/02 തീയതി 07.08.02 |
| 26 | 2001-02 | എൽ.എഫ്.റ്റി.ഡി.മിസ.1/358/03 തീയതി 9.04.03 |
| 27 | 2002-03 | എൽ.എഫ്.റ്റി.ഡി.മിസ 1.295/04 തീയതി 15.03.04 |
| 28 | 2003-04 | എൽ.എഫ്.റ്റി.ഡി.മിസ 1/622/05 തീയതി 19.04.05/06.05.05 |
| 29 | 2004-05 | എൽ.എഫ്.റ്റി.ഡി.മിസ.1/711/06 തീയതി 17.06.06 |
| 30 | 2005-06 | എൽഎഫ്.റ്റി.ഡി.മിസ.1/460/07 തീയതി 16.06.07/24.07.07 |
| 31 | 2006-07 | എൽ.എഫ്.റ്റി.ഡി.മിസ 1/809/07 തീയതി 19.06.08/16.07.08 |
| 32 | 2007-08 | എൽ.എഫ്.റ്റി.ഡി.മിസ 1/526/09 തീയതി 03.06.09/26.08.09 |
| 33 | 2008-09 | എൽ.എഫ്.റ്റി.ഡി.മിസ 1/502/10 തീയതി 19.10.10 |
| 34 | 2009-10 | എൽ.എഫ്.സിൽ/എ 2/164/11 തീയതി 14.10.11/04.01.12 |
| 35 | 2010-11 | എൽ.എഫ്.സിൽ/<br>എ 5/228/12 തീയതി 05.10.12/28.11.12 |
| 36 | 2011-12 | എൽ.എഫ്.സിൽ.എ.5/353/13 തീയതി 25.09.13 |
| 37 | 2012-13 | എൽ.എഫ്.സിൽ/എ 2/27/2015 തീയതി 08.06.2015 |

## ബി) റിവോൾവിംഗ് ഫണ്ട് അക്കൗണ്ട്സ്

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട്/വർഷം | തീയതി/റഫറൻസ് നം |
|---|---|---|
| 1 | 1984-85 | എൽ.എഫ്.റ്റി.ഡി.11-2013/87 തീയതി 14.06.88 |
| 2 | 1985-86 | എൽ.എഫ്.റ്റി.ഡി.11-1059/89 തീയതി 07.08.89/21.12.89 |
| 3 | 1986-87 | എൽ.എഫ്.റ്റി.ഡി.11-1831/89 തീയതി 12.04.91 |
| 4 | 1987-88 | എൽ.എഫ്.റ്റി.ഡി.11-1644/91 തീയതി 06.02.92 |
| 5 | 1988-89 | എൽ.എഫ്.റ്റി.ഡി.11-445/92 തീയതി 05.11.92 |
| 6 | 1989-90 | എൽ.എഫ്.റ്റി.ഡി.11-1056/93 തീയതി 12.07.94 |
| 7 | 1990-91 | എൽ.എഫ്.റ്റി.ഡി.11/260/94 തീയതി 05.01.95 |
| 8 | 1991-92 | എൽ.എഫ്.റ്റി.ഡി.11/1051/94 തീയതി 25.11.95 |

| | | |
|---|---|---|
| 9 | 1992-93 | എൽ.എഫ്.റ്റി.ഡി.11/1351/95 തീയതി 28.02.96/08.05.96 |
| 10 | 1993-94 | എൽ.എഫ്.റ്റി.ഡി.11/1352/95 തീയതി 29.02.96/12.07.96 |
| 11 | 1994-95 | എൽ.എഫ്.റ്റി.ഡി.11/862/98 തീയതി 10.08.98 |
| 12 | 1995-96 | എൽ.എഫ്.റ്റി.ഡി.9(എ)455/98 തീയതി 02.11.98/02.07.99 |
| 13 | 1996-97 | എൽ.എഫ്.റ്റി.ഡി.9(എ)/566/98 തീയതി 07.07.99 |
| 14 | 1997-98 | എൽ.എഫ്.റ്റി.ഡി.9(എ)1197/99 തീയതി 10.12.99/01.03.00 |
| 15 | 1998-99 | എൽ.എഫ്.റ്റി.ഡി.9(എ) 760/00 തീയതി 23.02.01/01.10.01 |
| 16 | 1999-00 | എൽ.എഫ്.റ്റി.ഡി.9(എ)415/01 തീയതി 06.05.02/08.07.02 |
| 17 | 2000-01 | എൽ.എഫ്.റ്റി.ഡി.9 (എ) 959/02 തീയതി 12.03.03 |
| 18 | 2001-02 | എൽ.എഫ്.റ്റി.ഡി.മിസ്.1/1067/03 തീയതി 20.12.03/31.01.04 |
| 19 | 2002-03 | എൽ.എഫ്.റ്റി.ഡി.മിസ്.1/1263/05 തീയതി 11.03.05 |
| 20 | 2003-04 | എൽ.എഫ്.റ്റി.ഡി.മിസ്.1/1587/05 തീയതി 11.11.05 |
| 21 | 2004-05 | എൽ.എഫ്.റ്റി.ഡി.മിസ്.1/1590/06 തീയതി 07.11.06 |
| 22 | 2005-06 | എൽ.എഫ്.റ്റി.ഡി.മിസ.1/318//08 തീയതി 18.03.08/09.04.08 |
| 23 | 2006 -07 | എൽ.എഫ്.റ്റി.ഡി.മിസ.1/1593/08 തീയതി 27.11.08 |
| 24 | 2007-08 | എൽ.എഫ്.റ്റി.ഡി.മിസ 1/1518/10 തീയതി 11.02.10/03.03.10 |
| 25 | 2008 -09 | എൽ.എഫ്.സിൽ.എ 2/517/10 തീയതി 26.03.11 |
| 26 | 2009-10 | എൽ.എഫ്.സിൽ/എ 1/73/12 തീയതി 28.03.12 |
| 27 | 2010-11 | എൽ.എഫ്.സിൽ/എ 5/427/12 തീയതി 17.06.12/9.09.13 |
| 28 | 2011-12 | എൽ.എഫ്.സിൽ.134/എ 5/2014 തീയതി 04.04.14/03.05.14 |
| 29 | 2012-13 | കെ.എസ്.എ.സിൽ/എ 2/223/2015 തീയതി 28.09.15 |

## സി) സംയോജിത റിപ്പോർട്ട്

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട്/വർഷം | തീയതി/റഫറൻസ് നം |
|---|---|---|
| 1 | 2013-14 | കെ.എസ്.എ.സിൽ/എ 3/105/2016 തീയതി 15.04.16/30.04.16 |
| 2 | 2014-15 | കെ.എസ്.എ.സിൽ/എ.3/52/2017 തീയതി 30.03.17/31.03.17 |

**ഡെപ്യൂട്ടി ഡയറക്ടർ**
കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
സിൽ & എസ്.ഐ.ഇ.പി. ഓഡിറ്റ്
തിരുവനന്തപുരം